# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## ചെറുതന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2022-2023**




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA.ALP.P-3/1074/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 03/10/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറുതന ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : ചെറുതന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുതന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP.P-3/1074/2023 തീയ്യതി: 03/10/2023

## ആലപ്പുഴ ജില്ലയിലെ ചെറുതന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചെറുതന ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2023 മുതൽ 10-07-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| രാജീവ്.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 21-07-2023 | 31-07-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-07-2023 | 31-07-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.ജ്യോതിമോൻ.സി.സി., ഓഡിറ്റ് ഓഫീസർ
ശ്രീ.പുഷ്പരാജ്.വി.കെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ശ്രീകാന്ത്.സി.എസ്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ പി.കെ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എബി മാത്യൂ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി.എസ്.ശുഭാദേവി | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. കാർത്തിക .കെ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി. സൈറാഭാനു.എസ് | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. ജിനി.ജെ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ഡോ.ഉമേഷ്.ജി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 01-05-2022 | 31-03-2023 |
| ഡോ.സെറിൻ.എസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഡോ.ശ്രീരാജ് ജി.പ്രഭു | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2022 | 18-04-2022 |
| ഡോ.വിജയറാണി.എം.കെ | മെഡിക്കൽ ഓഫീസർ ഹോമിയോ | 19-04-2022 | 31-03-2023 |
| ശ്രീമതി.കൃഷ്ണ.എസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി.അനിതകുമാരി | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് | 01-04-2022 | 25-09-2022 |
| ശ്രീമതി.ലിസ്സി ഉണ്ണി | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് | 26-09-2022 | 31-03-2023 |
| ശ്രീ.സലിം.കെ.എച്ച് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ശ്രീമതി.ശ്രീജ.എസ്.നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. ജോബിൻ കുര്യൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.പ്രിയ പി.വി. | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | 01-04-2022 | 30-04-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സ്ഥാപനത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതി പ്രതിഫലിപ്പിക്കുന്നില്ല | 1-1-2 |
| 4 | ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടിസ്വീകരിച്ചിട്ടില്ല | 1-1-3 |
| 5 | തെറ്റായ ശീർഷകത്തിൽ വരവ് ചെലവുകൾ രേഖപ്പെടുത്തിയിരിക്കുന്നു | 1-1-4 |
| 6 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-5 |
| 7 | ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | എം.ജി.എൻ.ആർ.ഇ.ജി.എസ് -വാർഷിക കണക്കും ഐ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല | 1-1-8 |
| 10 | ആസ്തിക്കനുസൃതമായ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയില്ല | 1-1-9 |
| 11 | ആസ്തികൾ ഇല്ലാതെ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു | 1-1-10 |
| 12 | ഗ്രാന്റുകളുടെ ബാധ്യതയ്ക്കനുസൃതമായ തുക പഞ്ചായത്തിന്റെ ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ നീക്കിയിരിപ്പില്ല | 1-1-11 |
| 13 | തെറ്റായ ശീർഷകത്തിൽ വരവ് രേഖപ്പെടുത്തി | 1-1-12 |
| 14 | ബജറ്റിന്റെ അവലോകനം | 1-2-1 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ | 1-4-1 |
| 18 | ഗ്രാന്റ് വിനിയോഗം (എസിആർപ്രകാരം) | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമപദ്ധതികൾ | 1-7 |
| 22 | ക്യാഷ് ബാലൻസ് | 1-8 |
| 23 | ആഭ്യന്തരനിയന്ത്രണ സംവിധാനം | 1-9 |
| 24 | തനതുവരുമാന വർദ്ധനവിനായി സ്വീകരിച്ച നടപടികളും പുരോഗതിയും | 1-10 |
| 25 | വസ്തു നികുതി നിർണ്ണയത്തിൽ ആവശ്യമായ വർദ്ധനവ് നല്കിയില്ല | 1-11 |
| 26 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല | 1-12 |
| 27 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയില്ല | 1-13 |
| 28 | പി.എച്ച്.സി.യിലേയ്ക്ക് മരുന്നു വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-14 |
| 29 | ഹോമിയോ ഡിസ്പൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല | 1-15 |
| 30 | ലൈഫ് - ഭവന നിർമാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് | 1-16 |
| 31 | ഐ.കെ.എം വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-17 |
| 32 | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ- പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല തുക തടസ്സപ്പെടുത്തുന്നു | 1-18 |
| 33 | സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കൽ- പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-19 |
| 34 | സൗരോർജ നിലയത്തിന് ശേഷി വർദ്ധിപ്പിക്കൽ- പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു | 1-20 |
| 35 | സ്ട്രീറ്റ് ടാപ്പ് ഡിസ്മാന്റിലിംഗ് ചാർജ്-വിനിയോഗിക്കാതവശേഷിക്കുന്ന തുക തിരികെ ഈടാക്കിയില്ല | 1-21 |

| | | |
|---|---|---|
| 36 | വയോജനങ്ങൾക്ക് കട്ടിൽ- രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് | 1-22 |
| 37 | ഹോമിയോ ആശുപത്രിക്ക് ചുറ്റുമതിൽ നിർമ്മാണം- അപാകതകൾ | 1-23 |
| 38 | എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല | 1-24 |
| 39 | കാലി വീപ്പയുടെ വില കരാറുകാരനിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 1-25 |
| 40 | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലും കൃഷിയോഗ്യമാക്കിയ സ്ഥലത്തിന്റെ വിസ്തീർണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-26 |
| 41 | വൗച്ചറുകളോ ബില്ലുകളോ ഇല്ലാതെ മെറ്റീരിയൽ കോസ്റ്റ് അനുവദിച്ചു നൽകുന്നു | 1-27 |
| 42 | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലും മസ്റ്റർ റോളുകളിലെ രേഖപ്പെടുത്തലും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-28 |
| 43 | ചെറുതന ഗ്രാമപഞ്ചായത്ത് ദേശീയ പുരസ്ക്കാര നിറവിൽ | 1-29 |
| **ഭാഗം 2** | | |
| 1 | വസ്തു നികുതി നിർണ്ണയത്തിൽ ആവശ്യമായ വർദ്ധനവ് നല്കിയില്ല | 2-1 |
| **ഭാഗം 3** | | |
| 1 | എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല | 3-1 |
| 2 | ഹോമിയോ ആശുപത്രിക്ക് ചുറ്റുമതിൽ നിർമ്മാണം- അപാകതകൾ | 3-2 |
| 3 | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലും കൃഷിയോഗ്യമാക്കിയ സ്ഥലത്തിന്റെ വിസ്തീർണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 3-3 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994-ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 07.07.2023-ലെ 1-ാം നമ്പർ കമ്മറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 07.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള ചെറുതന ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസിപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയ്തി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൌണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൌണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൌണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി ചെറുതന ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള താഴെപ്പറയുന്ന പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1) റേഷ്യോസ്

2) അക്കൗണ്ടിന്മേലുള്ള സെക്രട്ടറിയുടെ കുറിപ്പുകൾ

### 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് സ്ഥാപനത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതി പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും [91,76,868 രൂപ] പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും [(-)6,56,415/-രൂപ] തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ Directly Debited By Bank ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടിസ്വീകരിച്ചിട്ടില്ല

A) കേരള ഗ്രാമീൺ ബാങ്ക് എന്ന അക്കൌണ്ടിന്റെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ഡയറക്ടലി ഡെബിറ്റഡ് ബൈ ബാങ്ക് എന്നതിനു കീഴെ 20.01.2023 തീയതി നല്കി ₹ 10,000/- നല്കിയിരിക്കുന്നു.

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കുകളിലെ നീക്കിയിരിപ്പുകൾ ഓരോ മാസാവസാനവും ലഭിക്കുന്ന ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി ഒത്തുനോക്കി പൊരുത്തപ്പെടുത്തേണ്ടതാണെന്ന് പറഞ്ഞിരിക്കുന്നു. സാമ്പത്തിക വർഷം അവസാനിച്ചിട്ടും മേൽ പ്രകാരമുള്ള തുകകൾ ക്രമീകരിക്കുന്നതിന് സാധിച്ചിട്ടില്ല.

### 1-1-4 തെറ്റായ ശീർഷകത്തിൽ വരവ് ചെലവുകൾ രേഖപ്പെടുത്തിയിരിക്കുന്നു

വിധവ പെൻഷൻ ഇനത്തിൽ വന്ന വരവ് ചെലവ് തുകകൾ വിധവകളുടെ പെണ്മക്കളുടെ വിവാഹ ധനസഹായം എന്നയിനത്തിൽ ബുക്ക് ചെയ്തു.

| വാർഷിക കണക്കിൽ ബുക്ക് ചെയ്ത ശീർഷകം | ശരിയായ ശീർഷകം | തുക |
|---|---|---|
| 160100739-State Sponsored Schemes-Financial Help For | 160100737-State Sponsored Schemes-Destitute/ Widow | 53,27,800 |

| | | |
|---|---|---|
| Widows Daughters Marriage | Pension | |
| 254200108-State Sponsored Schemes-Financial Help For Widows Daughters Marriage | 254200104-State Sponsored Schemes-Widow Pension | 53,27,800 |

**1-1-5 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല**

തൻവർഷം വിവിധ ഏജൻസികളിൽ പ്രവർത്തികൾക്കായി നിക്ഷേപിച്ച തുകയിൽ തൻവർഷം പൂർത്തീകരിക്കാത്ത പ്രവർത്തികളുടെ തുക ബാലൻസ് ഷീറ്റിൽ Advances To Implimenting Agencies എന്ന ശീർഷകത്തിൽ ഉൾപ്പെട്ട് കാണുന്നില്ല.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക |
|---|---|---|
| അനെർട്ട് | പ്രോജക്ട് നം.6/2023 ചെറുതന ഗ്രാമ പഞ്ചായത്തിലെ സൗരോർജ്ജ നിലയത്തിന് ശേഷി വർദ്ധിപ്പിക്കൽ | 64,479 |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്ട് നം.77/2023 സ്ട്രീറ്റ് ടാപ്പ് ഡിസ്മാന്റിലിംഗ് ചാർജ് | 97,000 |
| കെ.എസ്.ഇ.ബി. | പ്രോജക്ട് നം.80/2023 സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 75,048 |

**1-1-6 ഡെപ്പോസിറ്റ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല**

ഡെപ്പോസിറ്റ് രജിസ്ററിലെ രേഖപ്പെടുത്തലുകളും വാർഷിക കണക്കിലെ (രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ RP-33 Deposit Received (P) ) രേഖപ്പെടുത്തലുകളും പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷിക കണക്ക് പ്രകാരമുള്ള തുക | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുക |
|---|---|---|
| 340100202-Suppliers Security Deposit | 79,100 | 46,700 |
| 340100102-Suppliers Earnest Money Deposit | 81,300 | 1,52,200 |

**1-1-7 എം.ജി.എൻ.ആർ.ഇ.ജി.എസ് -വാർഷിക കണക്കും ഐ.എഫ്.എം.എസ് സ്റ്റേറ്റ്മെന്റും പൊരുത്തപ്പെടുന്നില്ല**

എം.ജി.എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിൽ നിന്നുള്ള സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിലുള്ള ആകെ ചെലവ് 4,28,43,000/-രൂപയാണ്. എന്നാൽ വാർഷിക കണക്ക് ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ I-14(F) പ്രകാരമുള്ള ആകെ റെവന്യൂ ചെലവും (3,95,18,799/-രൂപ) ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ലെഡ്ജർ പ്രകാരമുള്ള തുകയും (27,49,759/-രൂപ) ചേർന്ന് തുക 4,22,68,558/-രൂപയെന്ന് കാണുന്നു.

**1-1-8 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല**

സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. വസ്തു നികുതി, തൊഴിൽ നികുതി (ട്രേഡേഴ്സ്, ഇൻസ്റ്റിറ്റ്യൂഷൻ), ലൈസൻസ് തുടങ്ങിയവയുടെ ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന്

എല്ലാ മാസവും ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല. സാമ്പത്തിക വർഷാവസാനമായ 31.03.2023-ൽ മാത്രമാണ് രേഖപ്പെടുത്തലുകളുള്ളത്.

**1-1-9 ആസ്തിക്കനുസൃതമായ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയില്ല**

415140001-Vehicles For Office Use എന്നയിനത്തിൽ 31.03.2022-ലെ ബാലൻസ് ഷീറ്റിലും 9,97,622/-രൂപ ഉൾപ്പെട്ട് കാണുന്നു. എന്നാൽ തൻവർഷം ഈ ആസ്തിക്കനുസൃതമായ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിക്കാണുന്നില്ല.

**1-1-10 ആസ്തികൾ ഇല്ലാതെ ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു**

416100104- Accumulated Depreciation- Waterways, 416100105- Accumulated Depreciation- Public Lighting, എന്നിയിനങ്ങളിൽ ഡിപ്രീസിയേഷൻ രേഖപ്പെടുത്തി കാണുന്നു. എന്നാൽ ഇതിനനുസൃതമായ ആസ്തി ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-11-ൽ ഉൾപ്പെട്ട് കാണുന്നില്ല.

**1-1-11 ഗ്രാന്റുകളുടെ ബാധ്യതയ്ക്കനുസൃതമായ തുക പഞ്ചായത്തിന്റെ ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ നീക്കിയിരിപ്പില്ല**

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-4-ൽ ഉൾപ്പെട്ടിട്ടുള്ള ചെലവഴിക്കാൻ അവശേഷിക്കുന്ന വിവിധ ഗ്രാന്റുകളുടെ ബാധ്യതയ്ക്കനുസൃതമായ (86,40,231/-രൂപ) തുക പഞ്ചായത്തിന്റെ ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ നീക്കിയിരിപ്പുള്ളതായി കാണുന്നില്ല (ഷെഡ്യൂൾ B-17 പ്രകാരമുള്ള ആകെ നീക്കിയിരിപ്പ്- 61,92,176/-രൂപ).

**1-1-12 തെറ്റായ ശീർഷകത്തിൽ വരവ് രേഖപ്പെടുത്തി**

2021-22 സാമ്പത്തിക വർഷം എൽ.ജി.റ്റി.എസ്.ബി അക്കൗണ്ടിൽ നിന്നും റിഡംപ്ഷനായി സർക്കാർ പിൻവലിച്ച തുക (40,08,420/-രൂപ) തൻവർഷം എൽ.ജി.റ്റി.എസ്.ബി അക്കൗണ്ടിലേയ്ക്ക് 06.04.2022-ൽ തിരികെ അനുവദിച്ച് നല്കിയിരുന്നു. ടി തുക ജനറൽ പർപ്പസ് ഫണ്ടിനത്തിലെ തൻവർഷത്തെ വരവായാണ് ബുക്ക് ചെയ്തിരിക്കുന്നത്. തന്മൂലം ബാലൻസ് ഷീറ്റിൽ ടി തുക കിട്ടാനുള്ള തുകയായി അവശേഷിക്കുന്നു.

**1-2-1 ബജറ്റിന്റെ അവലോകനം**

2022-23 വർഷത്തെ ബജറ്റ് 22.3.2022 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. തുടർന്ന് 24.02.2023-ലെ 5(1)-ാം നമ്പർ തീരുമാന പ്രകാരം പരിഷ്കരിച്ചു. ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. **ബജറ്റിന്റെ അവലോകനം നടത്തുന്നില്ല**
ബജറ്റ് മാന്വലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തിയതായി രേഖപ്പെടുത്തലില്ല.

2. **ബജറ്റിന്റെ പരിശോധന**
ബജറ്റ് മാന്വലിലെ ഖണ്ഡിക 4.6 പ്രകാരം ഒരു സാമ്പത്തിക വർഷത്തെ ബജറ്റ് ആ സാമ്പത്തിക വർഷം ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തേണ്ടതാണ്. 2022-23 ലെ ബജറ്റ് 2022 ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.

3. ബജറ്റിൽ വകയിരുത്തിയതിനേക്കാൾ കൂടുതൽ ചെലവ്

| ക്രമ നമ്പർ | ഹെഡ് | ഹെഡിന്റെ വിവരണം | പരിഷ്കരിച്ച ബജറ്റ് പ്രകാരമുള്ള വകയിരുത്തൽ | യഥാർഥ ചെലവ് (I&E Statement പ്രകാരം) | റിമാർക്സ് |
|---|---|---|---|---|---|
| 1. | 2101003 | ബോണസ്, ടെലിഫോൺ ചാർജ്ജ് സെക്രട്ടറി | 8000 | 11036 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 2 | 2102003* | ജനപ്രതിനിധികളുടെ ഓണറേറിയം | 13,91,929 | 1417099 | ബജറ്റിൽ വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 3 | 2201003 | നികുതി | 500 | 1000 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 4 | 2201201 | വാർത്താവിനിമയ ചെലവുകൾ | 75000 | 87789 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 5 | 2206101 | മെമ്പർഷിപ്പ്/വരിസംഖ്യ | 10,000 | 20000 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ ചെലവ് |
| 6 | 2305009 | സംരക്ഷണവും അറ്റകുറ്റപ്പണികളും- ജംഗമ ആസ്തികൾ | 30000 | 38515 | വകയിരുത്തിയ തുകയേക്കാൾ കൂടുതൽ |

| | | | | | |
|---|---|---|---|---|---|
| | | | | | ചെലവ് |

*പ്രസിഡന്റ്, വൈസ് പ്രസിഡന്റ് എന്നിവരുടെ ടെലിഫോൺ ചാർജ്ജ് ഈ ഹെഡ്ഡിലാണ് ചെലവ് ചെയ്തിട്ടുള്ളത്.

മേൽക്കാണിച്ചിട്ടുള്ള അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (4/25.7.2023) മറുപടി ലഭ്യമാക്കിയില്ല. നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറായ സാംഖ്യയുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-2 ബജറ്റ്

2022-23 വർഷത്തെ ബജറ്റ് 23.03.2022 തീയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. 24.02.2023-ലെ തീരുമാനം നം. 5(1) പ്രകാരം പുതുക്കിയ ബജറ്റിന് അംഗീകാരം നൽകിയിട്ടുണ്ട്. പുതുക്കിയ ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 15,99,21,697 | 15,67,07,334 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം&എക്സ്പെന്റിച്ചർ) | 10,95,64,462 | 10,62,64,969 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 68,48,591 |
| വരവ് | 2,48,19,298 |
| ആകെ | 3,16,67,889 |
| ചെലവ് | 2,54,75,713 |
| നീക്കിയിരിപ്പ് | 61,92,176 |
| വരവിനങ്ങളിലുള്ള നഷ്ടം | 414 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 6,156 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 19,19,781 |

## 1-4-1 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ ന്യൂനതകൾ

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ താഴെപറയും പ്രകാരമുള്ള പൊരുത്തക്കേടുകൾ ഉള്ളതായി കാണുന്നു. ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വികസന ഫണ്ട് (ജനറൽ, എസ്.സി.പി.) എന്നി ഫണ്ടുകളുടെ സോഴ്സിൽ നിന്നും കുറവ് ചെയ്ത തുക വരവിലെടുക്കാതെ ചെലവിൽ കാണിച്ചതു മൂലം ഈയിനങ്ങളുടെ വരവ്, ബാലൻസ് എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു.

1. വികസന ഫണ്ട് (ജനറൽ)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| വരവ് | 1,26,62,819 | 1,39,31,000 |
| ചെലവ് | 1,04,30,810 | 1,04,30,810 |
| നീക്കിയിരിപ്പ് | 22,32,009 | 35,00,190 |

2. വികസന ഫണ്ട് (എസ്.സി.പി)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|

| | | |
|---|---|---|
| വരവ് | 58,96,124 | 64,18,000 |
| ചെലവ് | 53,21,702 | 53,21,702 |
| നീക്കിയിരിപ്പ് | 5,74,422 | 10,96,298 |

ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ മുൻബാക്കി, പലിശയിനത്തിൽ ലഭിച്ച തുക എന്നിവ വരവിൽ ഉൾപ്പെടുത്താതിരുന്നതു മൂലവും, ഈയിനത്തിലുള്ള ബാങ്ക് ചാർജ് ചെലവിൽ ഉൾപ്പെടുത്താതിരുന്നത് മൂലവും വരവിലും, ചെലവിലും നീക്കിയിരിപ്പിലും വ്യത്യാസം വന്നിട്ടുണ്ട്.

3. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | | 20,58,879 |
| വരവ് | 31,47,813 | 31,47,813 |
| പലിശ | | |
| ആകെ | | 52,06,692 |
| ചെലവ് | 35,11,592 | 34,47,622 |
| നീക്കിയിരിപ്പ് | (-)3,63,779 | 17,59,070 |

4. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്)

| ഇനം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള തുക | യഥാർത്ഥ തുക |
|---|---|---|
| മുന്നിരിപ്പ് | | 9,066 |
| വരവ് | 20,37,469 | 20,37,469 |
| പലിശ | | 1,04,441 |
| ആകെ | | 21,50,976 |
| ചെലവ് | 17,57,267 | 17,57,267 |
| നീക്കിയിരിപ്പ് | 2,80,202 | 3,93,709 |

**1-4 ഗ്രാന്റ് വിനിയോഗം (എസിആർപ്രകാരം)**

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് സ്രോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 12,68,181 | 1,26,62,819 | 1,39,31,000 | 1,04,30,810 | 35,00,190 (ലാപ്സായി) |
| വികസനഫണ്ട് എസ്.സി.പി. | | 5,21,876 | 58,96,124 | 64,18,000 | 53,21,702 | 10,96,298 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് ട്രഷറി | | | 3,00,813 | 3,00,813 | 2,20,600 | 80,213 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്-ടൈഡ് ബാങ്ക് | 20,58,879 | | 28,47,000 | 49,05,879 | 32,27,022 | 16,78,857 (നീക്കിയിരുപ്പ്) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് ട്രഷറി | | | 1,39,469 | 1,39,469 | 1,28,570 | 10,899 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്- അൺടൈഡ് ബാങ്ക് | 9,066 | | 18,98,000 + 1,04,441 (പലിശ) | 20,11,507 | 16,28,697 | 3,82,810 (നീക്കിയിരുപ്പ്) |
| സംരക്ഷണഗ്രാന്റ് റോഡ് | | | 74,86,000 | 74,86,000 | 31,80,728 | 43,05,272 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | | | 45,70,000 | 45,70,000 | 34,41,413 | 11,28,587 |

**1-5 പദ്ധതി അവലോകനം**

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|

| (എണ്ണം) | | (എണ്ണം) | | (എണ്ണം) | (എണ്ണം) | |
|---|---|---|---|---|---|---|
| 114 | 5,93,92,789 | 103 | 3,22,09,526 | 0 | 11 | 90.35% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 408 | 12,10,506 | 12,10,914 | 6,36,558 | 5,74,356 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | | 4,16,32,000 | 4,16,32,000 | 4,16,32,000 | |
| ആകെ | 408 | 4,28,42,506 | 4,28,42,914 | 4,22,68,558 | 5,74,356 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 37,920 | 29 |
| കർഷകതൊഴിലാളി പെൻഷൻ | 67,77,200 | 649 |
| വിധവാപെൻഷൻ | 53,27,800 | 533 |
| വാർദ്ധക്യകാലപെൻഷൻ | 1,20,73,400 | 1222 |
| വികലാംഗപെൻഷൻ | 21,59,400 | 205 |
| അവിവാഹിതപെൻഷൻ | 2,76,200 | 26 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.7.2023 തീയതിയിൽ 4.00 PM സമയത്ത് അക്കൌണ്ടന്റിന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,709/- രൂപ ക്യാഷ് ബാലൻസിന്റെ കുറവ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട ചുവടെ ചേർത്തിട്ടുള്ള പോരായ്മകൾ കൂടി പരിഹരിച്ച് അഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. ബജറ്റ് മാനുവലിലെ ഖണ്ഡിക 4.4 പ്രകാരം പ്രതിമാസ ധനകാര്യ പുരോഗതി പത്രിക, പ്ലാൻ ഡോക്യുമെന്റ് എന്നിവയും ബഡ്ജറ്റുമായി ഓരോ മാസവും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടത്തേണ്ടിയിരുന്ന ബഡ്ജറ്റിന്റെ പ്രതിമാസ അവലോകനം നടത്തേണ്ടതാണ്.
2. ബജറ്റ് മാനുവലിലെ ഖണ്ഡിക 4.6 പ്രകാരം 2022-23 ലെ ബജറ്റ് 2022ഏപ്രിൽ 30 ന് മുമ്പായി പെർഫോമൻസ് ഓഡിറ്റ് ടീം പരിശോധന നടത്തിയതായി കാണുന്നില്ല.
3. ബജറ്റിലെ വകയിരുത്തലിനനുസൃതമായി മാത്രം ചെലവ് ക്രമപ്പെടുത്തേണ്ടതാണ്.
4. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്കുചെയ്യുന്നതിന് ശ്രദ്ധുക്കേണ്ടതാണ്.
5. വരവുകൾ ശരിയായ ശീർഷകത്തിൽ മാത്രം രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
6. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
7. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 തനതുവരുമാന വർദ്ധനവിനായി സ്വീകരിച്ച നടപടികളും പുരോഗതിയും

സർക്കാർ ഗ്രാന്റിനു പുറമെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾ പുതിയ തനതുവരുമാന മേഖലകൾ കണ്ടെത്തേണ്ടതുണ്ട്. ശുഷ്ക്കമായ വരുമാനസ്രോതസ്സുകൾ മാത്രമുള്ള പഞ്ചായത്തായതിനാൽതന്നെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ യോഗങ്ങളിൽ പുതിയ തനതു വരുമാനമേഖലകൾ കണ്ടെത്തുന്നതിനായി നിർദ്ദേശങ്ങളൊന്നുമില്ല എന്നാൽ പഞ്ചായത്തിന് ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ 27.7.2022-ലെ III(C) ലെ തീരുമാനപ്രകാരം 4, 5 വാർഡുകളിൽ എൻ.ആർ.ഇ.ജി.എസ്., എൽ.എസ്.ജി.ഡി. ഓഫീസ് ജീവനക്കാരുടെ സഹകരണത്തോടെ അനധികൃത കെട്ടിടനിർമ്മാണങ്ങൾ

കണ്ടെത്തി നികുതി ചുമത്തിയതായും ബാക്കി വാർഡുകളിൽ കൂടി അനധികൃത നിർമ്മാണം കണ്ടെത്തി നികുതി ചുമത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ആയതു പ്രകാരം 79 കെട്ടിടങ്ങൾക്ക് നികുതി പുനർനിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ട്. പുതിയ നികുതി പരിഷ്ക്കരണത്തിനുള്ള സർക്കാർ ഉത്തരവ് നിലവിൽ വരുന്നതിനുമുൻപ് തന്നെ ഭരണസമിതി നടപ്പിലാക്കിയ നടപടിയിലൂടെ തുശ്ചമായ തനതുവരുമാനമേഘലകൾ മാത്രമുള്ള പഞ്ചായത്തിന് വരുമാനവർദ്ധനവ് ഉണ്ടായത് ശ്ലാഘനീയമാണ്.

ബജറ്റിലെ വരവുകളുമായി അന്തരമുണ്ടെങ്കിലും ഡിമാന്റ് പ്രകാരമുള്ള വരവുകൾഎല്ലാം തന്നെ പഞ്ചായത്ത് പിരിച്ചെടുത്തിട്ടുണ്ട്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ എല്ലായോഗങ്ങളിലും നികുതി വർദ്ധനവ്/പിരിവ് എന്നിവയെക്കുറിച്ചുള്ള ചർച്ചകളും അവലോകനങ്ങളും നടത്തിയതിന്റെയും നികുതി പിരിവിനായി ക്യാമ്പുകളക്ഷൻ നടത്തിയതിന്റെയും ഫലമായി 100% നികുതിയും ലഭിച്ചിട്ടുണ്ട്.

സ.ഉ.(കൈ)നം. 117/2022LSGD/01.06.2022 നമ്പർ ഉത്തരവ് പ്രകാരം വസ്തുനികുതി കുടിശിക രജിസ്റർ സൂക്ഷിക്കേണ്ടതാണെങ്കിലും ആയത് എഴുതി സൂക്ഷിക്കുന്നില്ല. സഞ്ചയ കുടിശ്ശിക രജിസ്റ്റർ പ്രകാരം കൂടുതൽ തുക കുടിശ്ശിക വരുത്തിയിട്ടുള്ള ഒരു വ്യക്തിക്കെതിരെ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

ബജറ്റിലെ വസ്തുനികുതി വരവ് 1,287028/-രൂപയും സഞ്ചയ വരവ് 10,64,584/-രൂപയും ILGMS വരവ് 10,64,584/-രൂപയുമാണ് ഇവ ബജറ്റിലെ വരവുമായി പൊരുത്തപ്പെടുന്നില്ല.

സ.ഉ.(കൈ) നം.77/2023/LSGD തിയതി 22.03.2023 പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01.04.2023 പ്രാബല്യത്തിൽ വസ്തു നികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളിൽ (ക്രമ നം.10) കെട്ടിട ഉടമ വിവരം അറിയിച്ചാലും ഇല്ലെങ്കിലും കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർക്കേണ്ടതാണെന്നും ഇതിനാവശ്യമായ പരിശോധനകൾ 30.06.2023നു മുൻപായി പൂർത്തിയാക്കേണ്ടതാണെന്നും പറയുന്നു. ആയതിന്റെ വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി ഉദ്യോഗാർത്ഥികളെ നിയമിച്ച് ഫീൽഡ് പരിശോധന പൂർത്തിയാക്കണമെന്ന് പറയുന്നുവെങ്കിലും മതിയായ എണ്ണം ഉദ്യോഗാർത്ഥികളെ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ലാത്തതിനാൽ ഫീൽഡ് പരിശോധന തുടങ്ങിയിട്ടില്ല. 01.04.2023 മുതൽ വസ്തുനികുതിയിൽ 5% വർദ്ധനവ് നിലവിലിൽ വന്നിട്ടുണ്ട്. വസ്തു നികുതി പരിഷ്ക്കരണ നിരക്കുകൾക്ക് ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ശുപാർശ ചെയ്തിട്ടില്ല .ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 20.05.2023-ലെ 11(1) തീരുമാനപ്രകാരം കരട് വിഞ്ജാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. അന്തിമവിഞ്ജാപനം പുറപ്പെടുവിച്ച് സോഫ്റ്റ്വെയർ അപ്ഡേഷൻ നടത്താത്തതിനാൽ നികുതി ഈടാക്കി തുടങ്ങിയിട്ടില്ല. ഫീൽഡ് പരിശോധന പൂർത്തിയാക്കി കെട്ടിടങ്ങളുടെ ശരിയായ വിവരം ഉൾപ്പടുത്തി നികുതി നിശ്ചയിക്കുന്നതിലൂടെ വൻവരുമാനവർദ്ധനവ് നേടാനാവുന്നതാണ്. പഞ്ചായത്തിന്റെ പരിമിതമായ സാമ്പത്തിക സ്ഥിതി പരിഗണിച്ചുതന്നെസർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് പാർപ്പിടാവശ്യങ്ങളുടേതൊഴികെ മറ്റെല്ലാ കെട്ടിടങ്ങളുടെയും അടിസ്ഥാന നികുതി ഏറ്റവും കൂടിയ നിരക്കിൽ തന്നെ കരട് വിജ്ഞാപനത്തിൽ നിശ്ചയിച്ചിട്ടുണ്ട്. പ്രദേശത്തിന്റെ വികസനസ്ഥിതി, മറ്റ് അടിസ്ഥാന സൌകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖലാവിഭജനം നടത്തിയിട്ടുണ്ടെങ്കിലും ഇപ്രകാരമുള്ള വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. നികുതി നിർണ്ണയത്തിനുശേഷമുള്ള കൂട്ടിച്ചേർക്കലുകൾ നിമിത്തം നികുതി ഇനത്തിൽ നഷ്ടമുണ്ടായത് കുറെയെങ്കിലും കണ്ടെത്തി വരുമാനവർദ്ധനവ് നേടാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ട്. തണ്ണീർതടങ്ങളും കാർഷികമേഘലകളും ഉള്ള പഞ്ചായത്തായതിനാൽ ഡാറ്റാബാങ്കിൽ ഉൾപ്പെട്ടസ്ഥലത്ത് വയ്ക്കുന്ന ചെറിയ വീടുകൾ മാത്രമാണ് അനധികൃത നിർമ്മാണങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇവയിൽ നിന്നും നികുതി ഈടാക്കുന്നുമുണ്ട്. നിലവിൽ 9% സേവനഉപനികുതി പഞ്ചായത്ത് ഈടാക്കുന്നുണ്ട്. കേന്ദ്ര സംസ്ഥാനകെട്ടിടങ്ങൾ ഇല്ലാത്തതിനാൽ സർവ്വീസ് ചാർജ് ഈടാക്കുന്നതിലൂടെയുള്ള വരുമാന വർദ്ധനവിന് സാധ്യതയില്ല.

പഞ്ചായത്തിലെ സഞ്ചയഡാറ്റാബെയ്സ് പ്രകാരമുള്ള 2 മൊബൈൽ ടവറുകളുടെയും വസ്തുനികുതി ഈടാക്കിയിട്ടുണ്ട്. ILGMS ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടാതിരിക്കുന്നതുമൂലം വരുമാനനഷ്ടം ഉണ്ടായിട്ടില്ല.

**തൊഴിൽ നികുതി**

സ്ഥാപനങ്ങൾ, ജീവനക്കാർ, ടാക്സ് ഒടുക്കാൻ ബാധ്യസ്ഥരായവർ (സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റ് പ്രോഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കറാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ വാഹന ഉടമകൾ, തുടങ്ങിയവരുടെ സമ്പൂർണ്ണ ഡാറ്റാബെയ്സ് പഞ്ചായത്തിൽ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. സമ്പൂർണ്ണ ഡാറ്റാബെയ്സ് തയ്യാറാക്കി നികുതിചോർച്ച ഒഴിവാക്കാവുന്നതാണ്.

വിനോദ നികുതി

കേബിൾ ടി.വി. നെറ്റ് വർക്ക് ദാതാക്കൾ ഉണ്ടെങ്കിൽ വിനോദ നികുതി ഈടാക്കുന്നതിന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താവുന്നതാണ്.

നികുതിയേതര വരവുകൾ

വാർഡ് അടിസ്ഥാനത്തിൽ ഫീൽഡ് പരിശോധന നടത്തി സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിലൂടെയും ക്യാമ്പുകൾ സംഘടിപ്പിച്ച് വ്യാപാരസ്ഥാപനങ്ങളെക്കൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിലൂടെയും വരുമാനവർദ്ധനവ് നേടാവുന്നതാണ്.

ആസ്തികളിൽ നിന്നുള്ള ആദായം

പഞ്ചായത്തിന്റെ ആസ്തിയിൽപ്പെട്ട ഫലവൃക്ഷങ്ങളിൽ നിന്നുള്ള മേലാദായവും കാലഹരണപ്പെട്ട ആസ്തികളും യഥാസമയം ലേലം ചെയ്യുന്നതിലൂടെ വരുമാന വർദ്ധനവ് നേടാവുന്നതാണ്.

**1-11 വസ്തു നികുതി നിർണ്ണയത്തിൽ ആവശ്യമായ വർദ്ധനവ് നല്കിയില്ല**

2011-ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 1 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ അനുവദനീയമായ ഇളവുകളും വർദ്ധനവുകളും നൽകിയാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്. പഞ്ചായത്തിന്റെ നികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ ഇതിൽ നിന്നും വ്യത്യസ്തമായി ഉയർന്നതരം തറനിർമ്മിതി ഉള്ള 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നൽകേണ്ട 15% വർദ്ധനവ് നല്കാതെ നികുതി നിർണ്ണയിച്ചിട്ടുള്ളവയുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര്/വിലാസം/ കെട്ടിട നമ്പർ | വിസ്തീർണ്ണം | നല്കിയ ഇളവുകൾ/ വർദ്ധനവുകൾ | നൽകേണ്ട ഇളവുകൾ/ വർദ്ധനവുകൾ | കുറവ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| 1 | അരുൺദേവ്, കോയിപ്പറമ്പിൽ 5/147A | 275.21m2 | @5 = 1378 വഴിസൌകര്യം വർദ്ധനവ് -20% = 2756 ആകെ നികുതി = 1652 | @5 = 1378 വഴിസൌകര്യം വർദ്ധനവ് -20% = 2756 ഉയർന്നതരം തറനിർമ്മിതി വർദ്ധനവ്-15% = 207 ആകെ നികുതി = 1859 | 207 |
| 2 | ബിജുകുമാർ, മുപ്പത്തിനാലിൽ 2/198B | 275.61m2 | @5 = 1376 തൃതീയമേഖല ഇളവ്-20% = 275.2 ആകെ നികുതി = 1651 | തൃതീയമേഖല ഇളവ്-20% = 275.2 ഉയർന്നതരം തറനിർമ്മിതി = 206 വർദ്ധനവ്-15% ആകെ നികുതി = 1858 | 207 |
| | ആകെ | | | | 414 |

മേൽ സൂചിപ്പിച്ചവയ്ക് തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കാതിരുന്നത് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (5/27.7.2023)നല്കിയതിന് കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് അറിയിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. ആയതു പ്രകാരം നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

**1-12 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കിയിട്ടില്ല**

പഞ്ചായത്തിലെ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ആകെ 105 സ്ഥാപനങ്ങളാണുള്ളത്. എന്നാൽ 2022-23 വർഷത്തിലെ ലൈസൻസ് രജിസ്റ്റർ പ്രകാരം 152 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. സഞ്ചയ ഡാറ്റാബെയ്സിൽ താഴെ കൊടുത്തിരിക്കുന്ന പ്രകാരം കെട്ടിടങ്ങളും ഉണ്ട്.

| ക്രമ നം. | ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1 | ഇതര വ്യവസായ ആവശ്യങ്ങൾ | 28 |
| 2 | വ്യവസായ ആവശ്യത്തിനുള്ള കൈത്തറി കയർപിരിഷെഡ് | 23 |
| 3 | 100 ചതുരശ്രമീറ്ററിൽ താഴെയുള്ള വാണിജ്യാവശ്യകെട്ടിടങ്ങൾ | 349 (200 ഉടമസ്ഥരുടേതായി) |
| 4 | 100 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യകെട്ടിടങ്ങൾ | 22 |
| 5 | 200 ചതുരശ്രമീറ്റർ വരെയുള്ള വാണിജ്യാവശ്യകെട്ടിടങ്ങൾ | 2 |
| ആകെ | | 424 |

വാർഡ് അടിസ്ഥാനത്തിൽ സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ

സ്വീകരിച്ചിട്ടുണ്ടോ എന്നതിനും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് എടുക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നതിന് ഓഡിറ്റ് എൻക്വയറി(12/27.07.2023) നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വാർഡ് അടിസ്ഥാനത്തിൽ സമഗ്രമായ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കുകയും വിശദമായ പരിശോധന നടത്തി ലൈസൻസോട് കൂടിയല്ലാതെ യാതൊരു സ്ഥാപനങ്ങളും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**1-13 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയില്ല**

കേരള ഫിനാൻഷ്യൽ കോഡ് വോള്യം I, ആർട്ടിക്കിൾ 56 ബി പ്രകാരം, ഡെപ്പോസിറ്റുകൾ തിരികെ ലഭിക്കുന്നതിന് അർഹതപ്പെട്ട തിയതി മുതൽ മൂന്ന് വർഷത്തിനുള്ളിൽ തിരികെ അവകാശപ്പെടാത്തവ കാലഹരണപ്പെടുന്നതാണ്. അതിനാൽ ഇപ്രകാരമുള്ള ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. പഞ്ചായത്തിന്റെ ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം 2014-15 സാമ്പത്തിക വർഷം മുതൽക്കുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ നിലനിർത്തിയിരിക്കുന്നതായി കാണുന്നു. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വർഷം | ഡെപ്പോസിറ്റ് ഇനം | ആകെ തുക |
|---|---|---|---|
| 1 | 2014-15 | സപ്ലയേഴ്സ് ഇ.എം.ഡി | 1,003 |
| 2 | 2015-16 | ,, | 9,467 |
| 3 | 2016-17 | ,, | 500 |
| 4 | 2017-18 | ,, | 2,550 |
| 5 | 2018-19 | ,, | 35,950 |
| 6 | 2019-20 | ,, | 13,300 |
| 7 | 2018-19 | കോൺട്രാക്ടേഴ്സ് ഇ.എം.ഡി | 12,610 |
| 8 | 2018-19 | ബിഡ്ഡേഴ്സ് ഇ.എം.ഡി | 250 |
| 9 | 2017-18 | സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 10,700 |
| 10 | 2018-2019 | ” | 16,220 |
| 11 | 2019-20 | ,, | 2,000 |
| 12 | 2018-19 | കോൺട്രാക്ടേഴ്സ് റിറ്റെൻഷൻ | 12,612 |
| **ആകെ** | | | **1,17,162** |

നാളിതുവരെയും കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (24/31.07.2023) നൽകിയതിന് ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടുന്നതിന് 2019-20 വർഷത്തെ തുക കൂടി ഉൾപ്പെടുത്തി കമ്മറ്റി തീരുമാനത്തിനുവിധേയമായി തനതുഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് അടിയന്തിരമായി നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. ആയത് പ്രകാരം കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടേണ്ടതാണ്.

**1-14 പി.എച്ച്.സി.യിലേയ്ക്ക് മരുന്നു വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല**

പ്രോജക്ടിന്റെ പേര് - മുതിർന്ന പൗരന്മാർക്ക് ജീവിതശൈലീരോഗങ്ങൾക്ക് മരുന്നുവാങ്ങൽ

പ്രോജക്ട് നമ്പർ – 13/2022-23

അടങ്കൽ – 2,00,000/-

ചെലവ് – 2,00,000/-

ബിൽ നമ്പർ - 08/2022-23/03.11.2022

മേൽ പദ്ധതി പ്രകാരം മുതിർന്ന പൗരന്മാർക്ക് ജീവിതശൈലീരോഗങ്ങൾക്ക് മരുന്നുവാങ്ങൽ പദ്ധതിയിലുൾപ്പെടുത്തി 2,00,000/- രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ഇതിൽ 1,39,872/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 60,128/- തുകയ്ക്കുള്ള മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്നതിലേയ്ക്ക് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.19/29.7.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-15 ഹോമിയോ ഡിസ്പൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല**

പ്രോജക്ടിന്റെ പേര് - ഹോമിയോ ഡിസ്പൻസറിയിലേയ്ക്ക് മരുന്നും മറ്റ് വിതരണസാമഗ്രികളും വാങ്ങൽ

പ്രോജക്ട് നമ്പർ – 17/2022-23

അടങ്കൽ – 2,00,000/-

ചെലവ് – 2,00,000/-

ബിൽ നമ്പർ - 01/2022-23/06.12.2022

ഹോമിയോ ഡിസ്പൻസറിയിലേയ്ക്ക് മരുന്നും മറ്റ് വിതരണസാമഗ്രികളും വാങ്ങൽ

പദ്ധതിയിലുൾപ്പെടുത്തി 2,00,000/- രൂപ മെയിന്റനൻസ് ഗ്രാന്റിൽ നിന്നും പിൻവലിച്ച് ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. ഇതിൽ 1,10,932/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭിച്ചിട്ടുള്ളു. ബാക്കി 89,068/-രൂപയ്ക്കുള്ള മരുന്നുകൾ ഇതുവരെയും ലഭിച്ചിട്ടില്ല. ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(നം.18/29.3.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 ലൈഫ് - ഭവന നിർമാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

ചെറുതന ഗ്രാമ പഞ്ചായത്തിലെ ലൈഫ് ഭവന നിർമ്മാണ പദ്ധതി ആനുകൂല്യ വിതരണ രജിസ്റ്ററും ഫയലുകളും പരിശോധിച്ചതിൽ മുൻകാലങ്ങളിൽ ധനസഹായത്തിന്റെ ആദ്യഗഡു കൈപ്പറ്റിയ 3 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തികരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

1. ജനറൽ വിഭാഗം

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | മണിയമ്മ, ശ്രീശൈലം, വാർഡ്-8 | 40,000 | 15.07.2019 |

2. പട്ടികജാതി വിഭാഗം

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുക | കൈപ്പറ്റിയ തീയതി |
|---|---|---|---|
| 1 | സുബീഷ് കാഞ്ഞിരംതുരുത്ത്, വാർഡ്-2 | 40,000 | 24.02.2021 |
| 2 | കുഞ്ഞ്കുഞ്ഞ് കാഞ്ഞിരംതുരുത്ത്, വാർഡ്-2 | 40,000 | 29.09.2021 |

മേൽ ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റിയതിനു ശേഷം ഭവന നിർമാണം പൂർത്തീകരിക്കാത്തതിന്റെ കാരണം അറിയിക്കുനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.14 തീയതി 29.07.2023) മറുപടി ലഭ്യമാക്കിയല്ല. ഭവന നിർമാണം പൂർത്തീകരിക്കുവാൻ തത്പരരായ ഗുണഭോക്താക്കൾക്ക് ആവശ്യമായ നിർദ്ദേശം നല്കി ഭവന നിർമാണം പൂർത്തീകരിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭവന നിർമാണം തുടരാത്ത ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കേണ്ടതുമാണ്. ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കുന്ന സംഗതികളിൽ നിലവിലുള്ള സർക്കാർ നിർദ്ദേശ പ്രകാരമുള്ള പലിശ സഹിതം തുക തിരികെ ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. വസ്തു സംബന്ധമായി കോടതിയിൽ തർക്ക വിഷയത്തിൽ നിൽക്കുന്ന ഗുണഭോക്താവിന്റെ സംഗതിയിൽ കോടതി വിധിക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 ഐ.കെ.എം വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.44/2023

പ്രോജക്ടിന്റെ പേര് – ഐ.കെ.എം വിഹിതം അടയ്ക്കൽ

അടങ്കൽ- വികസന ഫണ്ട് -51,240/-രൂപ

ചെലവ്-51,240/-രൂപ (ബിൽ റഫറൻസ് നം.22070652014300410815)

മേൽ ട്രഷറി ബിൽ പ്രകാരം പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 51,240/-രൂപ ഐ.കെ.എം വിഹിതമിനത്തിൽ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ ടി തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13 തീയതി 29.07.2023) വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക (51,240/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കി ഓഡിറ്റ് തടസം ഒഴിവാക്കേണ്ടതാണ്.

## 1-18 സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ- പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.79/2023

പ്രോജക്ടിന്റെ പേര് : സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ

അടങ്കൽ-

വികസന ഫണ്ട് ജനറൽ 50,000/ രൂപ

ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 1,20,948/-രൂപ

ജില്ലാ പഞ്ചായത്ത് വിഹിതം- 10,00,000/-രൂപ

ആകെ - 11,70,948/-രൂപ

ചെലവ്- 11,40,375/-

നിർവഹണം :- സെക്രട്ടറി

ചെറുതന ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കുന്നതിലേയ്ക്കായി കെ.എസ്.ഇ.ബി-യുടെ താഴെപറയുന്ന സെക്ഷൻ ഓഫീസുകളിലേയ്ക്ക് താഴെപ്പറയും പ്രകാരം ആകെ 11,40,375/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്.

| തുക കൈപ്പറ്റിയ ഓഫീസ് | ഫണ്ടിനം | യു.റ്റി.ആർ നം | തുക |
|---|---|---|---|
| കെ.എസ്.ഇ.ബി. കരുവാറ്റ | ജില്ലാ പഞ്ചായത്ത് വിഹിതം | R032300940407 | 7,64,828 |
| കെ.എസ്.ഇ.ബി. തകഴി | ജില്ലാ പഞ്ചായത്ത് വിഹിതം | R032300826884 | 98,908 |
| കെ.എസ്.ഇ.ബി. എടത്വ | ജില്ലാ പഞ്ചായത്ത് വിഹിതം | R032301066714 | 99,049 |
| കെ.എസ്.ഇ.ബി. ഹരിപ്പാട് | ജില്ലാ പഞ്ചായത്ത് വിഹിതം | R032301016348 | 37,215 |
| കെ.എസ്.ഇ.ബി. ഹരിപ്പാട് | വികസന ഫണ്ട്-ജനറൽ | RBI0822366701697 | 50,000 |
| കെ.എസ്.ഇ.ബി. ഹരിപ്പാട് | ധനകാര്യ കമ്മീഷൻ വിഹിതം | R032301016348 | 90,375 |
| **ആകെ** | | | **11,40,375** |

എന്നാൽ മേൽ പ്രവർത്തികൾ പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13 തീയതി 29.07.2023) പൂർത്തീകരണ സാക്ഷ്യപത്രം കെ.എസ്.ഇ.ബി-യിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 11,40,375/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-19 സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കൽ- പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.80/2023

പ്രോജക്ടിന്റെ പേര് : സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കൽ

അടങ്കൽ-

വികസന ഫണ്ട് ജനറൽ 85,000/രൂപ

ചെലവ്- 75,048/-രൂപ (ബിൽ റഫറൻസ് നം.22070652014301185145 തീയതി 14.02.2023)

നിർവ്വഹണം :- സെക്രട്ടറി

ചെറുതന ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിലേയ്ക്കായി കെ.എസ്.ഇ.ബി-യുടെ തകഴി സെക്ഷൻ ഓഫീസിലേയ്ക്ക് മേൽ പ്രകാരം 75,048/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്.

എന്നാൽ മേൽ പ്രവർത്തി പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയതായി കാണുന്നില്ല.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13 തീയതി 29.07.2023) പൂർത്തീകരണ സാക്ഷ്യപത്രം കെ.എസ്.ഇ.ബി-യിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 75,048 /-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 സൗരോർജ നിലയത്തിന് ശേഷി വർദ്ധിപ്പിക്കൽ- പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം.6/2023

പ്രോജക്ടിന്റെ പേര് : ചെറുതന ഗ്രാമ പഞ്ചായത്തിലെ സൗരോർജ നിലയത്തിന് ശേഷി വർദ്ധിപ്പിക്കൽ

അടങ്കൽ- ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 6,44,479/രൂപ

ചെലവ്- 6,44,479/-രൂപ (ട്രാൻസാക്ഷൻ നം.XVFC/2022/23/P/20 തീയതി 09.03.2023)

നിർവ്വഹണം :- സെക്രട്ടറി

ചെറുതന ഗ്രാമ പഞ്ചായത്തിലെ സൗരോർജ നിലയത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിനായി അനർട്ടിലേയ്ക്ക് മേൽ പ്രകാരം 6,44,479/-രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയായും ഈ പ്രവർത്തി പൂർത്തീകരിച്ച് പൂർത്തീകരണ സാക്ഷ്യപത്രം നല്കിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13 തീയതി 29.07.2023) പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 6,44,479 /-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-21 സ്ട്രീറ്റ് ടാപ്പ് ഡിസ്മാന്റിലിംഗ് ചാർജ്-വിനിയോഗിക്കാതവശേഷിക്കുന്ന തുക തിരികെ ഈടാക്കിയില്ല**

പ്രോജക്ട് നം.77/2023

പ്രോജക്ടിന്റെ പേര് : സ്ട്രീറ്റ് ടാപ്പ് ഡിസ്മാന്റിലിംഗ് ചാർജ്

അടങ്കൽ- വികസന ഫണ്ട് ജനറൽ 1,00,000/രൂപ

ചെലവ്- 97,000/-രൂപ (ബിൽ റെഫറൻസ് നം.22070652014300570730 തീയതി 24.09.2022)

നിർവഹണം :- സെക്രട്ടറി

ചെറുതന ഗ്രാമ പഞ്ചായത്തിലെ ഉപയോഗ ശൂന്യമായ 61 പൊതു ടാപ്പുകൾ ഡിസ്കണക്ട് ചെയ്ത് വെള്ളക്കരം കുറവ് ചെയ്യുന്നതിനായാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. 2022 സെപ്തംബർ മാസം 24-ാം തീയതി വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയെങ്കിലും നാളിതുവരെയായും പ്രവർത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ലായെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13 തീയതി 29.07.2023) ലഭ്യമാക്കിയ മറുപടിയോടൊപ്പം വാട്ടർ അതോറിറ്റിയിൽ നിന്നുള്ള പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കി. പ്രസ്തുത സാക്ഷ്യപത്രം പ്രകാരം 88,361/-രൂപ മാത്രമാണ് പ്രസ്തുത പ്രവർത്തിക്കായി വിനിയോഗിക്കേണ്ടി വന്നതെന്ന് കാണുന്നു. അവശേഷിക്കുന്ന 8,639/-രൂപ (97000-88361) വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭ്യമാക്കി വികസന ഫണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്. 8,639 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-22 വയോജനങ്ങൾക്ക് കട്ടിൽ- രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച്**

1. പ്രോജക്ട് നം. 85/2023

പ്രോജക്ടിന്റെ പേര് : വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നല്കൽ പട്ടിക ജാതി വിഭാഗം

അടങ്കൽ-1,12,060/-രൂപ (വികസന ഫണ്ട് (എസ്.സി.പി)

ചെലവ് - 1,12,059/-രൂപ (ബിൽ റെഫറൻസ് നം.22070652013401266763 തീയതി 28.02.2023)
നിർവ്വഹണം- അസിസ്റ്റന്റ് സെക്രട്ടറി

2. പ്രോജക്ട് നം. 71/2023

പ്രോജക്ടിന്റെ പേര് : വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നല്കൽ

അടങ്കൽ-1,13,100/-രൂപ (വികസന ഫണ്ട് )

ചെലവ് - 1,12,059/-രൂപ

ബിൽ നമ്പർ – 18/2022-23/17.03.2023

നിർവ്വഹണം- ഐ.സി.ഡി.എസ് സൂപ്പർവൈസർ

തൻവർഷം മേൽ പദ്ധതികൾ പ്രകാരം വയോജനങ്ങൾക്ക് കട്ടിൽ വാങ്ങി നല്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നം.115/2022/ത.സ്വ.ഭ.വ തീയതി 28.05.2022 പ്രകാരം പുറപ്പെടുവിക്കപ്പെട്ട സബ്സിഡി മാർഗരേഖയിലെ ഖണ്ഡിക 7.1.14 (2) പ്രകാരം നിരാലംബരായ 60 വയസ് കഴിഞ്ഞ വയോജങ്ങൾക്കും ശയ്യാവലംബരായ നിർദ്ധന രോഗികൾക്കുമാണ് കട്ടിൽ വാങ്ങി നൽകേണ്ടത്. തൻവർഷം ഈ പദ്ധതി പ്രകാരം കട്ടിൽ കൈപ്പറ്റിയ ഗുണഭോക്താക്കൾ നിരാലംബരാണെന്നോ, ശയ്യാവലംബരാണെന്നോ തെളിയിക്കുന്ന രേഖകൾ ഫയലിൽ കാണുന്നില്ലായെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറികൾക്ക് (നം.15, 21 തീയതി 29.07.2023) ലഭ്യമാക്കിയ മറുപടിയിൽ നിരാലംബരും, കിടപ്പുരോഗികളുമായവർക്കാണ് ആനുകൂല്യം നല്കിയതെന്നും സബ്സിഡി മാർഗരേഖ പുറപ്പെടുവിക്കുന്നതിന് മുൻപായി (28.05.2022) അപേക്ഷകളും അനുബന്ധ രേഖകളും സ്വീകരിച്ചതിനാലാണ് നിരാലംബരാണെന്ന സാക്ഷ്യപത്രം സ്വീകരിക്കാനാവാതിരുന്നതെന്നും അസിസ്റ്റന്റ് സെക്രട്ടറിയും, ഐ.സി.ഡി.എസ് സൂപ്പർവൈസറും മറുപടി നല്കി. ഭാവിയിൽ ആനുകൂല്യം നല്കുമ്പോൾ സബ്സിഡി മാർഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങൾ തെളിയിക്കുന്നതിനുള്ള രേഖകൾ അപേക്ഷകരിൽ നിന്നും സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

**1-23 ഹോമിയോ ആശുപത്രിക്ക് ചുറ്റുമതിൽ നിർമ്മാണം- അപാകതകൾ**

പ്രോജക്ട് നമ്പർ- 33/23, അടങ്കൽ-857500/- മെയിന്റനൻസ് ഗ്രാന്റ് റോഡിതരം

കരാറുകാരൻ - മുഹമ്മദ് ഇസ്മയിൽ

അളവ് പുസ്തകം 124/21-22, ബിൽ നമ്പർ-12/22.3.23 - 6,24,655/-

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം പുറം 11 പ്രകാരം 6-ാം ഇനമായി ചുറ്റുമതിലിന്റെ ഫൗണ്ടേഷൻ 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് ഉപയോഗിച്ച് ലെവലിംഗ് ഉൾപ്പെടെ ആർ.ആർ മേസണറി 19.169m3 ചെയ്തിട്ടുണ്ട്. കൂടാതെ ഇതിന് മീതെ 9-ാം ഇനമായി പ്രൊവൈഡിംഗ് ആന്റ് ലെയിംഗ് സിമന്റ് കോൺക്രീറ്റിംഗ് (1:1.5:3), 6.687m3 ചെയ്തിട്ടുണ്ട്. RR Masonary ചെയ്തതിന് പുറമേ 1:1.5:3 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളതിനാൽ RR Masonaryയ്ക്കുള്ള നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1:6:12

അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ ആവശ്യമില്ല. എന്നാൽ ഇത് ഉൾപ്പെടുന്ന നിരക്കാണ് കരാറുകാരന് അനുവദിച്ചിരിക്കുന്നത്. RR Masonaryയ്ക്കുള്ള നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ നിരക്ക് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ നിരക്ക് | 79.16 |
| വാട്ടർ ചാർജ്ജ് 1% | 0.7916 |
| CPOH 15% | 11.993 |
| | 91.9446 |
| കോസ്റ്റ് ഇൻഡക്സ് 48.71% | 44.7862 |
| | 136.7308 (Say 136.73/$m^3$) |

ചുറ്റുമതിലിന്റെ ഫൗണ്ടേഷൻ 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് ഉപയോഗിച്ച് ലെവലിംഗ് ഉൾപ്പെടെ ആർ.ആർ മേസണറി 19.169m3 ചെയ്തതിന് കരാറുകാരന് 5307.917/m3 നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. ആവശ്യമില്ലാത്ത മേല്പറഞ്ഞയിനം ഉൾപ്പെടുത്തിയതു വഴി 3093/- രൂപ [(19.169x136.73/$m^3$) + 472 (18% GST)] അധികം നൽകാനിടയായി. ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/27.07.23) ലഭ്യമാക്കിയ മറുപടിയിൽ 1:1.5:3 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് ചെയ്യുമ്പോൾ കമ്പികൾ സ്ഥാപിക്കാൻ നിരപായ പ്രതലം ആവശ്യമായതിനാലാണ് ലെവ്വലിംഗ് ക്വോഴ്സ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നറിയിച്ചിരിക്കുന്നു. റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റിംഗ് ചെയ്യുമ്പോൾ അതിനോടൊപ്പം തന്നെ കമ്പി സ്ഥാപിക്കുന്നതിനുള്ള പ്രതലവും ലെവലാകുമെന്നിരിക്കെ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല.

## 1-24 എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല

പ്രോജക്ട് നമ്പർ- 34/23 പായിപ്പാട് കണ്ണംചേരി റോഡ് പുനരുദ്ധാരണം- വാർഡ് 11

മെയിന്റനൻസ് ഗ്രാന്റ് - 1470000/-, ബിൽ നമ്പർ 6/22-23/22.2.23, 572701/-

കരാറുകാരൻ-മാർട്ടിൻ വർഗ്ഗീസ്, പി.എ.സി- 1288822/-

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ (അളവ് പുസ്തകം 58/21-22, പുറം 63) ഇനം 10 പ്രകാരം കൺസ്ട്രക്ഷൻ ഓഫ് എർത്തേൺ ഷോൾഡേഴ്സ് എന്നയിനം 20.213$m^3$ ചെയ്തിട്ടുണ്ട്. ആയതിന് 875/$m^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. സി.പി.ഡബ്ള്യു.ഡി സ്പെസിഫിക്കേഷൻ 1.27.1.1 പ്രകാരം ലൂസ് ഫില്ലിംഗിന് 20%വും 1.27.1.2 പ്രകാരം ലൈറ്റ് മെക്കാനിക്കൽ മെഷിണറി ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താൽ 10%വും ഹെവി മെക്കാനിക്കൽ മെഷിണറി ഉപയോഗിച്ച് കൺസോളിഡേറ്റ് (Under OMC) ചെയ്താൽ 5%വും കുറവ് ചെയ്ത് മാത്രം മൂല്യനിർണ്ണയം നടത്തേണ്ടതാണ്. എന്നാൽ കൺസോളിഡേഷൻ കുറവ് ചെയ്തിട്ടില്ല. ഈ പ്രവർത്തിയിൽ കൺസോളിഡേഷൻ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ലൂസ് ഫില്ലിംഗാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാണ്. ആയതിനാൽ സി.പി.ഡബ്ല്യു.ഡി സ്പെസിഫിക്കേഷൻ 1.27.1.1 പ്രകാരം കുറവ് ചെയ്യേണ്ടിയിരുന്ന 4.04m3,(20.213$m^3$ X20%)ന് 875/$m^3$ നിരക്കിൽ നൽകിയ 3,535/-രൂപയും 12% ജി.എസ്.ടിയുമുൾപ്പെടെ 3,959/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (7/27.7.2023) ലഭ്യമാക്കിയ മറുപടിയിൽ തിരിച്ച് പിടിക്കേണ്ട തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-25 കാലി വീപ്പയുടെ വില കരാറുകാരനിൽ നിന്നും ഈടാക്കി തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

ചെറുതന ഗ്രാമപഞ്ചായത്തിൽ 2022-23 ൽ നടപ്പിലാക്കിയ മരാമത്തു പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്കഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും ഈടാക്കി സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ചിരിക്കുകയാണ്. സർക്കാർ ഉത്തരവ് (പി) 177/06 ഫിൻ 12.4.06 ഖണ്ഡിക 10.3 പ്രകാരം ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് അതേ ഫണ്ടിൽ തന്നെ തിരിച്ചടക്കേണ്ടതാണ്. കൂടാതെ ജി.എസ്.ടി ബന്ധപ്പെട്ട വകുപ്പിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/പേര് | കരാറുകാരന്റെ പേര് | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | 18% ജി.എസ്.ടി ഉൾപ്പെടെ 295 രൂപ നിരക്കിൽ ഈടാക്കിയ തുക | ഒടുക്ക് വരുത്തേണ്ട 18%ജി.എസ്.ടി | ഈടാക്കി തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ളത് | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | 08/22, (34/23) പായിപ്പാട് കണ്ണംച്ചേരി റോഡ് പുനരുദ്ധാരണം- വാർഡ് 11 | 1470000/- മെയിന്റനൻസ് ഗ്രാന്റ് | 29ബാരൽ | 8555 | 1305 | 8555 | 6/22.02.23-572701 |
| 2 | 37/22 കുറ്റിയിൽ മുക്ക് ലീഡിംഗ് ചാനൽ റോഡ് മെയിന്റനൻസ് | പന്നപ്പൻ (മെയിന്റനൻസ് ഗ്രാന്റ് | 16ബാരൽ | 470 | 720 | 4720 | 3/27.7.22-26337 |

മേൽ സൂചിപ്പിച്ചവയിൽ ബാരൽ വില കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നു. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (9/27.7.2023) ലഭ്യമാക്കിയ മറുപടിയിൽ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുകകൾ ബന്ധപ്പെട്ട അക്കൗണ്ട് ഹെഡ്ഡിലേക്ക് ഒടുക്ക് വരുത്തുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതായി പറഞ്ഞിരിക്കുന്നു. പ്രസ്തുത തുക ബന്ധപ്പെട്ട അക്കൗണ്ട് ഹെഡ്ഡിലേക്കും ജി.എസ്.ടി.യിനത്തിൽ കുറവ് ചെയ്തിട്ടുള്ള തുക പ്രസ്തുത വകുപ്പിലേക്കും ഒടുക്ക് വരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-26 ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലും കൃഷിയോഗ്യമാക്കിയ സ്ഥലത്തിന്റെ വിസ്തീർണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഹരിതശ്രീ ജെ.എൽ.ജി ഗ്രൂപ്പിന് അടിസ്ഥാന സൗകര്യം ഒരുക്കൽ

വർക്ക് കോഡ് LD/4733590, അളവ് പുസ്തകം 203/AE/MNREGA/22-23

2022-23 ൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ ഹരിതശ്രീ ജെ.എൽ.ജി ഗ്രൂപ്പിന് അടിസ്ഥാന സൗകര്യം ഒരുക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ഫയൽ പ്രകാരം കൃഷിയോഗ്യമാക്കുന്നതിനായി ലഭ്യമാക്കിയ സ്ഥലത്തിന്റെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു.

| സ്ഥലം ഉടമയുടെ പേര് | വില്ലേജ്, തണ്ടപ്പേർ നമ്പർ | വിസ്തീർണ്ണം |
|---|---|---|
| പുരുഷോത്തമൻ നായർ, ചിങ്കപ്പുറത്ത് | ചെറുതന, Bl-5, TP- 647 | 21ആർസ് 45സ്ക്വയർ മീറ്റർ |
| ഷൈലേഷ്, ഗീതാഭവനത്തിൽ | ചെറുതന, Bl-5, TP- 8876 | 7ആർസ് 35സ്ക്വയർ മീറ്റർ |
| ഭവാനിയമ്മ, വട്ടപ്പറമ്പ് വീട്ടിൽ | ചെറുതന, Bl-5, TP- 955 | 21ആർസ് 10സ്ക്വയർ മീറ്റർ |
| സുമതിയമ്മ, വാസുദേവപുരത്ത് | ചെറുതന, Bl-5, TP- 3918 | 14ആർസ് 40സ്ക്വയർ മീറ്റർ |
| ശിവപ്രസാദ്, തുരുത്തിയിൽ | ചെറുതന, Bl-5, TP- 8601 | 34ആർസ് 40സ്ക്വയർ മീറ്റർ |
| പി.വിജയൻ, ജയപറമ്പ് | ചെറുതന, Bl-5, TP- 6740 | 11ആർസ് 50സ്ക്വയർ മീറ്റർ |
| ആകെ | | 110.20ആർസ് = 11020$m^2$ |

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം കൃഷിയോഗ്യമാക്കുന്നതിനായി ലഭ്യമാക്കിയിട്ടുള്ള സ്ഥലത്തിന്റെ ആകെ വിസ്തൃതി 11020$m^2$ മാത്രമാണ്. എന്നാൽ അളവ് പുസ്തകം പുറം 3 ലെ രേഖപ്പെടുത്തൽ പ്രകാരം ഒന്നാമിനമായി സൈറ്റ് ക്ലിയറൻസ് ആന്റ് സർഫസ് ഡ്രെസ്സിംഗ് ചുവടെ ചേർത്തിട്ടുള്ളവിധം 11686$m^2$ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| പ്രവർത്തി ചെയ്ത അളവ് | വിസ്തീർണ്ണം |
|---|---|

| | |
|---|---|
| 28x26.25 | 735m$^2$ |
| 50x42.20 | 2110m$^2$ |
| 50x42.20 | 2110m$^2$ |
| 50x42.90 | 2145m$^2$ |
| 60x57.30 | 3438m$^2$ |
| 35x32.80 | 1148m$^2$ |
| ആകെ | 11686m$^2$ |

അളവ് പുസ്തകം പുറം5 പ്രകാരം ചതുരശ്ര മീറ്ററിന് 20.643 രൂപ നിരക്കിൽ മൂല്യ നിർണ്ണയം നടത്തി 2,41,234/- രൂപ ആകെ മൂല്യം നിർണ്ണയിക്കുകയും 2,35,427/-രൂപയിൽ പരിമിതപ്പെടുത്തി (757 തൊഴിൽ ദിനങ്ങൾക്ക് 311 രൂപ നിരക്കിൽ) നൽകിയിട്ടുണ്ട്. കൃഷിയോഗ്യമാക്കുവാൻ ലഭ്യമായ ആകെ സ്ഥലവിസ്തൃതിയായ 11020m$^2$ സർഫസ് ഡ്രെസിംഗ് ചെയ്യുന്നതിന് (ചതുരശ്രമീറ്ററിന് 20.643 രൂപ എന്ന നിരക്കിൽ) 2,27,485/- രൂപ മാത്രമേ തൊഴിൽകൂലിയിനത്തിൽ ആവശ്യമുള്ളൂ എന്നിരിക്കെ അധികം ചെലവഴിച്ച 7,942/-രൂപ (235427- 227485) ഉത്തരവാദിയായ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, തൊഴിലുറപ്പ് പദ്ധതിയുടെ അസിസ്റ്റന്റ് എഞ്ചിനിയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. പ്രവർത്തി നിർവ്വഹണത്തിന് ലഭ്യമായ സ്ഥലവിസ്തൃതിയും പ്രവർത്തി നിർവ്വഹണവും തമ്മിലുള്ള വ്യത്യാസം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (16/29.7.2023) ലഭ്യമാക്കിയ മറുപടിയിൽ ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## 1-27 വൗച്ചറുകളോ ബില്ലുകളോ ഇല്ലാതെ മെറ്റീരിയൽ കോസ്റ്റ് അനുവദിച്ചു നൽകുന്നു

വേലിയിൽ തോട് ആഴംകൂട്ടി വശങ്ങൾ കയർഭൂവസ്ത്രം വിരിക്കൽ

വർക്ക് കോഡ് -WC 483814, അളവ് പുസ്തകം 168/22-23, FTO- 16287/19.10.22- 7678/-

2022-23ൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ വേലിയിൽ തോട് ആഴം കൂട്ടി വശങ്ങൾ കയർഭൂവസ്ത്രം വിരിക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, കയർ ഭൂവസ്ത്രം വിരിക്കുന്നതിനുള്ള മുളയാണി നിർമ്മിക്കുന്നതിനുള്ള മുളയുടെ വില വൗച്ചറുകളോ ബില്ലുകളോ ഒന്നുമില്ലാതെ മേറ്റിന്റെ പേരിൽ നൽകിയതായി കാണുന്നു.

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ മൂന്നാമിനമായി 11.25 സ്കോർ മുളയാണിക്ക് 682.50 രൂപ നിരക്കിൽ 7,678/-രൂപ ശ്രീമതി സുധാമോഹൻ എന്നയാളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ 11.25 സ്കോർ മുളയാണി നിർമ്മിക്കുന്നതിനായി എത്ര മുള വാങ്ങിയെന്നോ ആരിൽ നിന്നും വാങ്ങിയെന്നോ ആയതിന്റെ വില ആർക്ക് നൽകിയെന്നോ തെളിയിക്കുന്നതിനാവശ്യമായ രേഖകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. പകരം എസ്റ്റിമേറ്റനുസരിച്ചുള്ള തുക ടിയാൾക്ക് നൽകുകയാണുണ്ടായിട്ടുള്ളത്. ഇപ്രകാരം തുക ചെലവഴിക്കുന്നത് ക്രമപ്രകാരമല്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (6/27.7.2023) ലഭ്യമാക്കിയ മറുപടിയിൽ മേലിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. കൃത്യമായ ചെലവ് രേഖകൾ ഉണ്ടെന്ന് ബില്ല് പാസ്സാക്കുന്ന ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതും അതിന്റെ അടിസ്ഥാനത്തിൽ മാത്രം തുക ചെലവഴിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-28 ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലും മസ്റ്റർ റോളുകളിലെ രേഖപ്പെടുത്തലും തമ്മിൽ പൊരുത്തപ്പെടുന്നില്ല

നടുവിലെ പോച്ച തെക്ക് ആഴംകൂട്ടി പാടശേഖര വാച്ചാൽ ആഴം കൂട്ടി കൃഷിക്ക് അനുയോജ്യമാക്കൽ

വർക്ക് കോഡ് -FP393272, അളവ് പുസ്തകം 34/AE/MNREGA

2022-23ൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ നടുവിലെ പോച്ച തെക്ക് ആഴംകൂട്ടി പാടശേഖര വാച്ചാൽ ആഴം കൂട്ടി കൃഷിക്ക് അനുയോജ്യമാക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. മസ്റ്റർ റോൾ 38591/13.3.23 ൽ, KL-11-006-001-002/48 എന്ന രജിസ്റ്റർ നമ്പറുള്ള തൊഴിലാളി 21.3.2023-ലെ ആബ്സന്റ് തിരുത്തി ഹാജർ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

2. അളവ് പുസ്തകത്തിൽ പ്രീമെഷർമെന്റ് രേഖപ്പെടുത്തിയാണ് മൂല്യനിർണ്ണയം നടത്തിയിട്ടുള്ളത്.

3. പ്രീമെഷർമെന്റ് രേഖപ്പെടുത്തിയ അളവുകളിലുള്ള പ്രവർത്തികൾ ചെയ്തതായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്താതെയാണ് എൻ.ആർ.ഇ.ജി.എസ് അസിസ്റ്റന്റ് എഞ്ചിനിയർ ചെക്ക് മെഷർ ചെയ്തിരിക്കുന്നത്.

4. അളവ് പുസ്തക പ്രകാരം താഴെ പറയുന്ന അളവിൽ പ്രവർത്തികൾ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മസ്റ്റർ റോൾ പ്രകാരം അത്രയും തൊഴിൽദിനങ്ങൾ വിനിയോഗിച്ചിട്ടില്ല.

| ഇനം | അളവ് പുസ്തക പ്രകാരം പ്രവർത്തി ചെയ്ത അളവ് | ആവശ്യമായ തൊഴിൽദിനം | മസ്റ്റർ റോൾ പ്രകാരമുള്ള തൊഴിൽ ദിനങ്ങൾ | |
|---|---|---|---|---|
| | | | മസ്റ്റർ റോൾ നമ്പർ | തൊഴിൽ ദിനങ്ങൾ |

| | | | | | |
|---|---|---|---|---|---|
| സൈറ്റ് ക്ലിയറിംഗ് | $2880m^2$ | @).0154/$m^2$ | 44.352 | 36254- 36258<br>3.3.23-9.3.23 | 179 |
| ഡീസിൽട്ടിംഗ് | $498.96m^3$ | @0.5126/m3 | 255.742 | | |
| സർഫസ് ഡ്രെസ്സിംഗ് (സൈഡ് സ്ട്രെങ്ങ്തെനിംഗ്) | 4400m2 | @0.0064/m2 | 292.055 | 37061-37064<br>10.3.23-16.3.23 | 142 |
| കളെക്ടിംഗ് & പ്ലാന്റിംഗ് ഫോഡർ ഗ്രാസ് | 4000m2 | @6.22/m2 | 80 | | |
| ഫോഡർ ഗ്രാസ് മെയിന്റനൻസ് 30 ദിവസം | 4000m2 | @0.0125/m2 | 50 | 38589-38591<br>17.3.23-23.3.23 | 99 |
| ആകെ | | 722 | | | 420 |

മേൽ സൂചിപ്പിച്ച വിധം ഈ പ്രവർത്തി അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലനുസരിച്ച് ചെയ്ത് തീർക്കുന്നതിന് 722 തൊഴിൽ ദിനങ്ങൾ ആവശ്യമാണ് എന്നാൽ മസ്റ്റർ റോൾ പ്രകാരം 420 തൊഴിൽ ദിനങ്ങളുപയോഗിച്ച് ടി പ്രവർത്തി പൂർത്തിയാക്കിയിട്ടുണ്ട്. ആകെ ചെലവ് 420തൊഴിൽ ദിനങ്ങളിൽ പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ അധികചെലവുണ്ടായിട്ടില്ലെങ്കിലും അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലനുസരിച്ചുള്ള തൊഴിൽ ദിനങ്ങളും യഥാർത്ഥ ത്തിൽ വിനിയോഗിച്ച തൊഴിൽ ദിനങ്ങളും തമ്മിൽ പൊരുത്തപ്പെടുന്നില്ല എന്നതിൽ നിന്നും എസ്റ്റിമേറ്റ് പ്രകാരമുള്ള അളവുകൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുകയാണെന്ന് വ്യക്തമാണ്. യഥാർത്ഥത്തിൽ ചെയ്യുന്ന പ്രവർത്തികൾക്കനുസരിച്ച് മാത്രം അളവ് പുസ്തകത്തിൽ രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (10/29.7.2023) ലഭ്യമാക്കിയ മറുപടിയിൽ ഈ പ്രവർത്തി കൃഷിക്ക് മുന്നോടിയായി ചെയ്തതാണെന്നും തൊഴിലുറപ്പ് തൊഴിലാളികൾ ചെയ്യുമ്പോൾ കൃഷിക്ക് കാലതാമസം ഉണ്ടാകുന്നതിനാൽ കർഷകത്തൊഴിലാളികൾ കൂടി ഈ പ്രവർത്തിയിൽ ഏർപ്പെട്ടതിനാലാണ് എസ്റ്റിമേറ്റിലേതിനേക്കാൾ കുറഞ്ഞ തൊഴിൽദിനങ്ങൾ കൊണ്ട് പ്രവർത്തി പൂർത്തീകരിച്ചതെന്നറിയിച്ചിരിക്കുന്നു. മറുപടി അംഗീകരിക്കാവുന്നതാണെങ്കിലും തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ഏറ്റെടുക്കുന്ന പ്രവർത്തികളിൽ മറ്റ് തൊഴിലാളികളെ ഉൾപ്പെടുത്തുന്നത് തൊഴിലുറപ്പ് തൊഴിലാളികളുടെ തൊഴിൽ ദിനങ്ങൾ നഷ്ടപ്പെടുവാൻ മാത്രമേ ഉപകരിക്കൂ എന്നതിനാൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-29 ചെറുതന ഗ്രാമപഞ്ചായത്ത് ദേശീയ പുരസ്ക്കാര നിറവിൽ

2022-23 വർഷത്തെ ഏറ്റവും മികച്ച ദേശീയ ശിശു സൌഹൃദ ഗ്രാമപഞ്ചായത്തായി ചെറുതന ഗ്രാമപഞ്ചായത്തിനെ തിരഞ്ഞെടുത്തു. ഏകദേശം 250000 വരുന്ന ഗ്രാമപഞ്ചായത്തുകളിൽ നിന്നാണ് ചെറുതന ഗ്രാമപഞ്ചായത്തിനെ തിരഞ്ഞെടുത്തിട്ടുള്ളത്. ശിശു – ബാല സൌഹൃദ മേഖലയിൽ പഞ്ചായത്ത് നടത്തിയ വേറിട്ട പ്രവർത്തനങ്ങളാണ് ചെറുതന ഗ്രാമപഞ്ചായത്തിനെ പ്രസ്തുത മേഖലയിൽ രാജ്യത്തിന്റെ നെറുകയിൽ എത്തിച്ചത്.

ന്യൂഡൽഹി വിജ്ഞാൻ ഭവനിൽ വെച്ച് നടന്ന പ്രൌഢ ഗംഭീരമായ ചടങ്ങിൽ വെച്ച് ഇന്ത്യൻ രാഷ്ട്രപതി ശ്രീമതി ദ്രൌപതി മുർമുവിന്റെ കൈയ്യിൽ നിന്നും ഗ്രാമപഞ്ചായത്തിന് വേണ്ടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവർ ചേർന്ന് അവാർഡ് കൈപ്പറ്റി

സർവ്വതല സ്പർശിയായ ബാലവികസനം ലക്ഷ്യമാക്കിയുള്ള പഞ്ചായത്തിന്റെ വിവിധ തലത്തിലുള്ള പ്രവർത്തനങ്ങളിലൂടെയാണ് ഈ നേട്ടം കൈവരിക്കാനായത്. ചെറുതന ഗ്രാമ പഞ്ചായത്ത് ശിശു – ബാല സൌഹൃദ മേഖലകളിൽ കൈവരിച്ച നേട്ടങ്ങൾ

- ഗ്രാമപഞ്ചായത്തിലെ എല്ലാ അങ്കണവാടികളും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. രണ്ട് അങ്കണവാടികൾ ഇരുനില കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.
- എല്ലാ അങ്കണവാടികൾക്കും ശുദ്ധ ജല ലഭ്യത ഉറപ്പു വരുത്തിയിരിക്കുന്നു.
- എല്ലാ അങ്കണവാടികളും വൈദ്യുതീകരിച്ചിട്ടുള്ളതുമാണ്
- എല്ലാ അങ്കണവാടികളിലും ശിശു സൌഹൃദ ടോയ്ലറ്റ് ഉണ്ട്.
- അങ്കണവാടികളിൽ എല്ലാം തന്നെ കളിയുപകരണങ്ങൾ, കളിമുറ്റങ്ങൾ എന്നിവ ഉണ്ട്.
- എല്ലാ അങ്കണവാടികളും ഗ്യാസ്, പ്രഷർ കുക്കർ, പാത്രങ്ങൾ എന്നിവ ഉണ്ട്.
- അങ്കണവാടികളിലെ ചുവരുകളിൽ എല്ലാം തന്നെ മനോഹരവും കുട്ടികൾക്ക് ഇഷ്ടപ്പെടുന്നതുമായ ചിത്രങ്ങൾ വരച്ചിട്ടുണ്ട്.
- എല്ലാ അങ്കണവാടികളിലും സ്റ്റെഡിയോ മീറ്റർ, വെയിംഗ് മെഷിൻ, ഇൻഫന്റോ മീറ്റർ എന്നിവ ഉണ്ട്.
- അങ്കണവാടികളിൽ എല്ലാം തന്നെ മനോഹരമായ പൂന്തോട്ടങ്ങൾ ഉണ്ട്.
- ചെറുതന ഗ്രാമപഞ്ചായത്തിൽ ഒരു മാതൃകാ അങ്കണവാടിയും നിലവിലുണ്ട്.
- ചുറ്റുമതിൽ ഇല്ലാത്ത അങ്കണവാടികൾക്ക് ചുറ്റുമതിൽ, മാനസിക ശാരീരിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ്, അങ്കണവാടികളിലേക്ക് പ്രഷർകുക്കർ, പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് പഠനമുറി, പഠനോപകരണങ്ങൾ, ഉന്നത വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് തുടങ്ങിയ പദ്ധതികൾ ഗ്രാമപഞ്ചായത്ത് വിജയകരമായി നടപ്പിലാക്കി.
- അങ്കണവാടികളിലും സ്കൂളുകളിലും ശുദ്ധമായ കുടിവെള്ളം, ശുചിത്വമുള്ള ടോയ്ലറ്റ്, വൃത്തിയുള്ള ക്ലാസ് മുറികൾ, ആവശ്യാനുസരണം ഫർണിച്ചർ, കളി ഉപകരണങ്ങൾ, വൃത്തിയുള്ള പരിസരം, ലൈബ്രറി ഇവയുടെ ഗുണനിലവാരം വർദ്ധിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തു നികുതി നിർണ്ണയത്തിൽ ആവശ്യമായ വർദ്ധനവ് നല്കിയില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് വസ്തു നികുതിയും സേവന ഉപനികുതിയും ചട്ടങ്ങളിലെ ചട്ടം 6 ലെ പട്ടിക 1 പ്രകാരം അടിസ്ഥാന വസ്തുനികുതിയിൽ അനുവദനീയമായ ഇളവുകളും വർദ്ധനവുകളും നൽകിയാണ് വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടത്. പഞ്ചായത്തിന്റെ നികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ ഇതിൽ നിന്നും വ്യത്യസ്തമായി ഉയർന്നതരം തറനിർമ്മിതി ഉള്ള 250 ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് നൽകേണ്ട 15% വർദ്ധനവ് നല്കാതെ നികുതി നിർണ്ണയിച്ചിട്ടുള്ളവയുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര്/വിലാസം/ കെട്ടിട നമ്പർ | വിസ്തീർണ്ണം | നല്കിയ ഇളവുകൾ/ വർദ്ധനവുകൾ | നൽകേണ്ട ഇളവുകൾ/ വർദ്ധനവുകൾ | കുറവ് |
|---|---|---|---|---|---|
| 1 | അരുൺദേവ്, കോയിപ്പറമ്പിൽ 5/147A | 275.21m2 | @5 = 1378 വഴിസൌകര്യം വർദ്ധനവ് -20% = 2756 ആകെ നികുതി = 1652 | @5 = 1378 വഴിസൌകര്യം വർദ്ധനവ് -20% = 2756 ഉയർന്നതരം തറനിർമ്മിതി വർദ്ധനവ്-15% = 207 ആകെ നികുതി = 1859 | 207 |
| 2 | ബിജുകുമാർ, മുപ്പത്തിനാലിൽ 2/198B | 275.61m2 | @5 = 1376 തൃതീയമേഖല ഇളവ്-20% = 275.2 ആകെ നികുതി = 1651 | തൃതീയമേഖല ഇളവ്-20% = 275.2 ഉയർന്നതരം തറനിർമ്മിതി = 206 വർദ്ധനവ്-15% ആകെ നികുതി = 1858 | 207 |
| | ആകെ | | | | 414 |

മേൽ സൂചിപ്പിച്ചവയ്ക് തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കാതിരുന്നത് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (5/27.7.2023)നല്കിയതിന് കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിച്ച് അറിയിക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. ആയതു പ്രകാരം നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 എർത്ത് ഫില്ലിംഗ് കൺസോളിഡേഷൻ കുറവ് ചെയ്തില്ല

പ്രോജക്ട് നമ്പർ- 34/23 പായിപ്പാട് കണ്ണംചേരി റോഡ് പുനരുദ്ധാരണം- വാർഡ് 11

മെയിന്റനൻസ് ഗ്രാന്റ് - 1470000/-, ബിൽ നമ്പർ 6/22-23/22.2.23, 572701/-

കരാറുകാരൻ-മാർട്ടിൻ വർഗ്ഗീസ്, പി.എ.സി- 1288822/-

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ (അളവ് പുസ്തകം 58/21-22, പുറം 63) ഇനം 10 പ്രകാരം കൺസ്ട്രക്ഷൻ ഓഫ് എർത്തേൺ ഷോൾഡേഴ്സ് എന്നയിനം 20.213m$^3$ ചെയ്തിട്ടുണ്ട്. ആയതിന് 875/m$^3$ നിരക്കിൽ മൂല്യനിർണ്ണയം നടത്തി കരാറുകാരന് തുക നൽകിയിട്ടുണ്ട്. സി.പി.ഡബ്ലിയു.ഡി സ്പെസിഫിക്കേഷൻ 1.27.1.1 പ്രകാരം ലൂസ് ഫില്ലിംഗിന് 20%വും 1.27.1.2 പ്രകാരം ലൈറ്റ് മെക്കാനിക്കൽ മെഷിണറി ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താൽ 10%വും ഹെവി മെക്കാനിക്കൽ മെഷിണറി ഉപയോഗിച്ച് കൺസോളിഡേറ്റ് (Under OMC) ചെയ്താൽ 5%വും കുറവ്

ചെയ്ത് മാത്രം മൂല്യനിർണ്ണയം നടത്തേണ്ടതാണ്. എന്നാൽ കൺസോളിഡേഷൻ കുറവ് ചെയ്തിട്ടില്ല. ഈ പ്രവർത്തിയിൽ കൺസോളിഡേഷൻ സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ലൂസ് ഫില്ലിംഗാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാണ്. ആയതിനാൽ സി.പി.ഡബ്ല്യു.ഡി സ്പെസിഫിക്കേഷൻ 1.27.1.1 പ്രകാരം കുറവ് ചെയ്യേണ്ടിയിരുന്ന 4.04m3,(20.213m$^3$ X20%)ന് 875/m$^3$ നിരക്കിൽ നൽകിയ 3,535/-രൂപയും 12% ജി.എസ്.ടി.യുമുൾപ്പെടെ 3,959/-രൂപ ബന്ധപ്പെട്ട കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (7/27.7.2023) ലഭ്യമാക്കിയ മറുപടിയിൽ തിരിച്ച് പിടിക്കേണ്ട തുക തിരികെ ഈടാക്കി വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-2 ഹോമിയോ ആശുപത്രിക്ക് ചുറ്റുമതിൽ നിർമ്മാണം- അപാകതകൾ

പ്രോജക്ട് നമ്പർ- 33/23, അടങ്കൽ-857500/- മെയിന്റനൻസ് ഗ്രാന്റ് റോഡിതരം

കരാറുകാരൻ - മുഹമ്മദ് ഇസ്മയിൽ

അളവ് പുസ്തകം 124/21-22, ബിൽ നമ്പർ-12/22.3.23 - 624655/-

ഈ പ്രവർത്തിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം പുറം 11 പ്രകാരം 6-ാം ഇനമായി ചുറ്റുമതിലിന്റെ ഫൗണ്ടേഷൻ 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് ഉപയോഗിച്ച് ലെവലിംഗ് ഉൾപ്പെടെ ആർ.ആർ മേസണറി 19.169m3 ചെയ്തിട്ടുണ്ട്. കൂടാതെ ഇതിന് മീതെ 9-ാം ഇനമായി പ്രൊവൈഡിംഗ് ആന്റ് ലെയിംഗ് സിമന്റ് കോൺക്രീറ്റിംഗ് (1:1.5:3), 6.687m3 ചെയ്തിട്ടുണ്ട്. RR Masonary ചെയ്തതിന് പുറമേ 1:1.5:3 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് ചെയ്തിട്ടുള്ളതിനാൽ RR Masonaryയ്ക്കുള്ള നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ ആവശ്യമില്ല. എന്നാൽ ഇത് ഉൾപ്പെടുന്ന നിരക്കാണ് കരാറുകാരന് അനുവദിച്ചിരിക്കുന്നത്. RR Masonaryയ്ക്കുള്ള നിരക്കിൽ ഉൾപ്പെടുത്തിയിരിക്കുന്ന 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ നിരക്ക് ചുവടെ കൊടുക്കുന്നു.

| | |
|---|---|
| 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗിന്റെ നിരക്ക് | 79.16 |
| വാട്ടർ ചാർജ്ജ് 1% | 0.7916 |
| CPOH 15% | 11.993 |
| | 91.9446 |
| കോസ്റ്റ് ഇൻഡക്സ് 48.71% | 44.7862 |
| | 136.7308 (Say 136.73/m$^3$) |

ചുറ്റുമതിലിന്റെ ഫൗണ്ടേഷൻ 1:6:12 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് ഉപയോഗിച്ച് ലെവലിംഗ് ഉൾപ്പെടെ ആർ.ആർ മേസണറി 19.169m3 ചെയ്തതിന് കരാറുകാരന് 5307.917/m3 നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. ആവശ്യമില്ലാത്ത മേല്പറഞ്ഞയിനം ഉൾപ്പെടുത്തിയതു വഴി 3,093/- രൂപ [(19.169x136.73/m$^3$) + 472 (18% GST)] അധികം നൽകാനിടയായി. ടി തുക കരാറുകാരിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായതി തിട്ടപ്പെടുത്തുന്നതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/27-07-23 ) ലഭ്യമാക്കിയ മറുപടിയിൽ 1:1.5:3 അനുപാതത്തിലുള്ള സിമന്റ് കോൺക്രീറ്റിംഗ് ചെയ്യുമ്പോൾ കമ്പികൾ സ്ഥാപിക്കാൻ നിരപ്പായ പ്രതലം ആവശ്യമായതിനാലാണ് ലെവലിംഗ് കോഴ്സ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നറിയിച്ചിരിക്കുന്നു. റീ ഇൻഫോഴ്സ്ഡ് സിമന്റ് കോൺക്രീറ്റിംഗ് ചെയ്യുമ്പോൾ അതിനോടൊപ്പം തന്നെ കമ്പി സ്ഥാപിക്കുന്നതിനുള്ള പ്രതലവും ലെവലാകുമെന്നിരിക്കെ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല.

## 3-3 ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- അളവ് പുസ്തകത്തിലെ രേഖപ്പെടുത്തലും കൃഷിയോഗ്യമാക്കിയ സ്ഥലത്തിന്റെ വിസ്തീർണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഹരിതശ്രീ ജെ.എൽ.ജി ഗ്രൂപ്പിന് അടിസ്ഥാന സൗകര്യം ഒരുക്കൽ

വർക്ക് കോഡ് LD/4733590, അളവ് പുസ്തകം 203/AE/MNREGA/22-23

2022-23ൽ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ ഹരിതശ്രീ ജെ.എൽ.ജി ഗ്രൂപ്പിന് അടിസ്ഥാന സൗകര്യം ഒരുക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

ഫയൽ പ്രകാരം കൃഷിയോഗ്യമാക്കുന്നതിനായി ലഭ്യമാക്കിയ സ്ഥലത്തിന്റെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു.

| സ്ഥലം ഉടമയുടെ പേര് | വില്ലേജ്, തണ്ടപ്പേർ നമ്പർ | വിസ്തീർണ്ണം |
|---|---|---|
| പുരുഷോത്തമൻ നായർ, ചിങ്കപ്പുറത്ത് | ചെറുതന, Bl-5, TP- 647 | 21ആർസ് 45സ്ക്വയർ മീറ്റർ |

| | | |
|---|---|---|
| ഷൈലേഷ്, ഗീതാഭവനത്തിൽ | ചെറുതന, Bl-5, TP- 8876 | 7ആർസ് 35സ്ക്വയർ മീറ്റർ |
| ഭവാനിയമ്മ, വട്ടപ്പറമ്പ് വീട്ടിൽ | ചെറുതന, Bl-5, TP- 955 | 21ആർസ് 10സ്ക്വയർ മീറ്റർ |
| സുമതിയമ്മ, വാസുദേവപുരത്ത് | ചെറുതന, Bl-5, TP- 3918 | 14ആർസ് 40സ്ക്വയർ മീറ്റർ |
| ശിവപ്രസാദ്, തുരുത്തിയിൽ | ചെറുതന, Bl-5, TP- 8601 | 34ആർസ് 40സ്ക്വയർ മീറ്റർ |
| പി.വിജയൻ, ജയപറമ്പ് | ചെറുതന, Bl-5, TP- 6740 | 11ആർസ് 50സ്ക്വയർ മീറ്റർ |
| ആകെ | | 110.20ആർസ് = 11020m$^2$ |

മേൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിധം കൃഷിയോഗ്യമാക്കുന്നതിനായി ലഭ്യമാക്കിയിട്ടുള്ള സ്ഥലത്തിന്റെ ആകെ വിസ്തൃതി 11020m$^2$ മാത്രമാണ്. എന്നാൽ അളവ് പുസ്തകം പുറം 3 ലെ രേഖപ്പെടുത്തൽ പ്രകാരം ഒന്നാമിനമായി സൈറ്റ് ക്ലിയറൻസ് ആന്റ് സർഫസ് ഡ്രെസ്സിംഗ് ചുവടെ ചേർത്തിട്ടുള്ളവിധം 11686m$^2$ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്.

| പ്രവർത്തി ചെയ്ത അളവ് | വിസ്തീർണ്ണം |
|---|---|
| 28x26.25 | 735m$^2$ |
| 50x42.20 | 2110m$^2$ |
| 50x42.20 | 2110m$^2$ |
| 50x42.90 | 2145m$^2$ |
| 60x57.30 | 3438m$^2$ |
| 35x32.80 | 1148m$^2$ |
| ആകെ | 11686m$^2$ |

അളവ് പുസ്തകം പുറം5 പ്രകാരം ചതുരശ്ര മീറ്ററിന് 20.643 രൂപ നിരക്കിൽ മൂല്യ നിർണ്ണയം നടത്തി 2,41,234/- രൂപ ആകെ മൂല്യം നിർണ്ണയിക്കുകയും 2,35,427/-രൂപയിൽ പരിമിതപ്പെടുത്തി (757 തൊഴിൽ ദിനങ്ങൾക്ക് 311 രൂപ നിരക്കിൽ) നൽകിയിട്ടുണ്ട്. കൃഷിയോഗ്യമാക്കുവാൻ ലഭ്യായ ആകെ സ്ഥലവിസ്തൃതിയായ 11020m$^2$ സർഫസ് ഡ്രെസ്സിംഗ് ചെയ്യുന്നതിന് (ചതുരശ്രമീറ്ററിന് 20.643 രൂപ എന്ന നിരക്കിൽ) 2,27,485/- രൂപ മാത്രമേ തൊഴിൽകൂലിയിനത്തിൽ ആവശ്യമുള്ളൂ എന്നിരിക്കെ അധികം ചെലവഴിച്ച 7,942/-രൂപ (235427- 227485) ഉത്തരവാദിയായ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, തൊഴിലുറപ്പ് പദ്ധതിയുടെ അസിസ്റ്റന്റ് എഞ്ചിനിയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. പ്രവർത്തി നിർവ്വഹണത്തിന് ലഭ്യമായ സ്ഥലവിസ്തൃതിയും പ്രവർത്തി നിർവ്വഹണവും തമ്മിലുള്ള വ്യത്യാസം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (16/29.7.2023) ലഭ്യമാക്കിയ മറുപടിയിൽ ഇത്തരം പിഴവുകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക : മുന്നിരിപ്പ് ഉൾപ്പെടെ | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 1,69,989 | സാന്ത്വന പരിചരണം | 1,69,989 | |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 1,90,800 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന | 1,90,800 | |

| | | | | | |
|---|---|---|---|---|---|
| | | | വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കൽ | | |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 2,00,000 | പാലിന് സബ്സിഡി | 2,00,000 | |
| ബ്ലോക്ക്പഞ്ചായത്ത് | 2022-23 | 16,509 | **പാലിന് സബ്സിഡി-എസ്.സി** | 16,509 | 0 |
| **ആകെ ബ്ലോക്ക്പഞ്ചായത്ത്** | | **5,77,298** | | **5,77,298** | |
| ജില്ലാപഞ്ചായത്ത് | 2022-23 | 1,85,000 | അങ്കണവാടി പോഷകാഹാര വിതരണം | 1,85,000 | |
| ജില്ലാപഞ്ചായത്ത് | 2022-23 | 73,760 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നല്കൽ | 73,760 | |
| ജില്ലാപഞ്ചായത്ത് | 2022-23 | 1,00,000 | പാലിന് സബ്സിഡി | 1,00,000 | |
| ജില്ലാപഞ്ചായത്ത് | 2022-23 | 10,00,000 | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | 10,00,000 | |
| ജില്ലാപഞ്ചായത്ത് | 2022-23 | 3,00,000 | അഗതി രഹിത കേരളം | 300,000 | |
| **ആകെ ജില്ലാപഞ്ചായത്ത്** | | **16,58,760** | | **16,58,760** | |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| അനെർട്ട് | പ്രോജക്ട് നം.6/2023 ചെറുതന ഗ്രാമ പഞ്ചായത്തിലെ സൗരോർജ്ജ നിലയത്തിന് ശേഷി വർദ്ധിപ്പിക്കൽ | ട്രാൻസാക്ഷൻ നം.XVFC/2022/23/P/20 തീ.09.03.2023 | 64,479 | | 64,479 |
| കേരള വാട്ടർ അതോറിറ്റി | പ്രോജക്ട് നം.77/2023 സ്ട്രീറ്റ് ടാപ്പ് ഡിസ്മാന്റിലിംഗ് ചാർജ് | ബിൽ റെഫറൻസ് നം.22070652014300570730 തീ.24.09.2022 | 97,000 | | 97,000 |
| കെ.എസ്.ഇ.ബി. | പ്രോജക്ട് നം.79/2023 സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | വിവിധ ബില്ലുകളായി വിവിധ ഓഫീസുകളിൽ നല്കിയിരിക്കുന്നു | 11,40,375 | | 11,40,375 |
| കെ.എസ്.ഇ.ബി. | പ്രോജക്ട് നം.80/2023 സ്ട്രീറ്റ് ലൈറ്റുകൾക്ക് മീറ്റർ സ്ഥാപിക്കൽ | ബിൽ റെഫറൻസ് നം.22070652014301185145 തീ.14.02.2023 | 75,048 | | 75,048 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| കെ.എസ്.ഇ.ബി. | പ്രോജക്ട് നം.82/2023 റോഡ് വികസനത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | വിവിധ ബില്ലുകളായി വിവിധ ഓഫീസുകളിൽ നല്കിയിരിക്കുന്നു | 1,47,986 | 147986 | 0 |

**4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

ഇല്ല

**4-4 വായ്പ / വായ്പാതിരിച്ചടവ്**

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവനം ഹഡ്കോ വായ്പ | G.O. (MS)No.2278/ LSGD Dt.18.08.2018 | | 37,53,384 | 11,76,857 | | **25,76,527** |

**4-5 സ്ഥിര നിക്ഷേപം**

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 49,70,038 |
| തൻവർഷം നിക്ഷേപിച്ച തുക | 2,46,636 (പലിശ) |
| ആകെ | 52,16,674 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 52,16,674 |

**വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി /പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക്, ചെറുതന | 10.08.21 | ഒരു വർഷം | 13,04,168 | 40588201800103 |
| 2 | കേരള ഗ്രാമീൺ ബാങ്ക്, ചെറുതന | | ഒരു വർഷം | 13,04,170 | 40588201800104 |
| 3 | കേരള ഗ്രാമീൺ ബാങ്ക്, ചെറുതന | | ഒരു വർഷം | 13,04,167 | 40588201800105 |
| 4 | കേരള ഗ്രാമീൺ ബാങ്ക്, ചെറുതന | | ഒരു വർഷം | 13,04,169 | 40588201800106 |
| **ആകെ** | | | | **52,16,674** | |

**4-6 ഓഡിറ്റ് റിക്കവറി**

ഇല്ല

**4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്**

ഇല്ല

**4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം**

ഇല്ല

**4-9 ഓഡിറ്റ് പ്രത്യവലോകനം**

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 2,48,19,298 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 2,54,75,713 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 414 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 6,156 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 19,19,781 |

**(ബി) ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 414 | | ശ്രീമതി എസ്.ശുഭാദേവി, സെക്രട്ടറി |
| 3-1 | | 3,535 | ശ്രീ.സലിം കെ.എച്ച്.,അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | | 2,621 | ശ്രീ.സലിം കെ.എച്ച്., അസിസ്റ്റന്റ് എഞ്ചിനീയർ |
| **ആകെ** | **414** | **6,156** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 51,240 | ശ്രീമതി എസ്.ശുഭാദേവി, സെക്രട്ടറി |
| 1-18 | 11,40,375 | ശ്രീമതി എസ്.ശുഭാദേവി, സെക്രട്ടറി |
| 1-19 | 75,048 | ശ്രീമതി എസ്.ശുഭാദേവി, സെക്രട്ടറി |
| 1-20 | 6,44,479 | ശ്രീമതി എസ്.ശുഭാദേവി, സെക്രട്ടറി |
| 1-21 | 8,639 | ശ്രീമതി എസ്.ശുഭാദേവി, സെക്രട്ടറി |
| **ആകെ** | **19,19,781** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 424 | ശ്രീ.സലിം കെ.എച്ച്., അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-2 | 472 | ശ്രീ.സലിം കെ.എച്ച്., അസിസ്റ്റന്റ് |

| | | | |
|---|---|---|---|
| | | | എഞ്ചിനീയർ |
| 3-3 | 7,942 | 2,648 | ശ്രീമതി എസ്.ശുഭാദേവി, സെക്രട്ടറി |
| | | 2,647 | ശ്രീ.അഭിലാഷ് പി., അസിസ്റ്റന്റ് എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ് |
| | | 2,647 | ശ്രീമതി അഞ്ജന ദീപ്തി കെ.ആർ., അസിസ്റ്റന്റ് സെക്രട്ടറി |

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

-ഇല്ല-

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സലിം കെ.എച്ച്., അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചെറുതന ഗ്രാമ പഞ്ചായത്ത് | ആലംപള്ളിൽ പത്തിയൂർക്കാല കീരിക്കാട് പി.ഒ., ആലപ്പുഴ |
| ശ്രീമതി എസ്.ശുഭാദേവി, സെക്രട്ടറി | സെക്രട്ടറി വിരമിച്ചു. | സുരയ്യ, കണ്ടല്ലൂർ പി.ഒ., കായംകുളം, ആലപ്പുഴ |
| ഡോ.ഉമേഷ് ജി., മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി., ചെറുതന | ഗൗതമി തെക്കേനട ഹരിപ്പാട്, ആലപ്പുഴ |
| ഡോ.വിജയറാണി, മെഡിക്കൽ ഓഫീസർ, ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ, ചെറുതന | കൃഷ്ണകൃപ കള്ളിക്കാട് ആറാട്ടുപുഴ, ആലപ്പുഴ |
| ശ്രീ.അഭിലാഷ് പി., അസിസ്റ്റന്റ് എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ, എൻ.ആർ.ഇ.ജി.എസ്, ചെറുതന | തച്ചിനേത്ത് ചെറുതന പി.ഒ., ആലപ്പുഴ |
| ശ്രീമതി അഞ്ജന ദീപ്തി കെ.ആർ., അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, ചെറുതന | ചിറതലയ്ക്കൽ മുതുകുളം നോർത്ത് ചൂളത്തെരുവ് പി.ഒ., ആലപ്പുഴ |

**<u>4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 (വരവ്-ചെലവ്) | എൽ.എഫ്.ജി.എ5-1832/11/31.1.12 |
| 1998-99 | |
| 1999-2000 | |
| 2000-01 | |

| | |
|---|---|
| 2001-02 | കെ.എസ്.എ-എ.എൽ.പി-പി.3/314/2022 തീയതി 17.05.2023 (അദാലത്ത് റിപ്പോർട്ട്) |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | |
| 2007-08 | |
| 2009-10 | |
| 2010-11 | |
| 2011-12 | |
| 2012-13 | |
| 2013-14 | |
| 2014-15 | |
| 2015-16 | |
| 2016-17 | |
| 2017-18 | |
| 2018-19 | |
| 2019-2020 | കെ.എസ്.എ-എ.എൽ.പി-പി3-795/21 /28.09.2021 |
| 2020-21 | കെ.എസ്.എ-എ.എൽ.പി-പി3-796/21 /28.09.2021 |
| 2021-22 | കെ.എസ്.എ-എ.എൽ.പി-പി3-161/2023 /23.03.2023 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 1 dated 1 dated 07-07-2023 and submitted on 07-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Cheruthana Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Cheruthana Grama Panchayat for the year 2022-2023

**Date: 03/10/2023** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Cheruthana Grama Panchayat for the Year 2022-2023.**

**1.Major Observations**

Nil

**2.Other Observations**

1).The following Mandatory financial statements prescribed in accounting rules are not submitted for audit.

a).Ratios

b).Notes to accounts

2).Cash flow statement Net Increase/Decrease in cash flow [Rs.9176868 ] does not match with the difference between the opening balance and closing balance of of cash and cash equivalents [Rs.(-)656415/-].

3).Directly Debited by Bank- Further action not taken (Kerala Gramin Bank Account dated 20.01.2023 amount- 10000/-)

4. Misclasification of Receipt & Payment

| Head of Account as per AFS | Correct Head of Account | Amount |
|---|---|---|
| 160100739-State Sponsored Schemes- Financial help for widows daughters marriage | 160100737-State Sponsored Schemes- Destitute/ Widow Pension | 5327800 |
| 254200108-State Sponsored Schemes- Financial help for widows daughters marriage | 254200104-State Sponsored Schemes- Widow Pension | 5327800 |

5. Deposit register does not match with AFS

| Item | Amount as per AFS | Amount as per Deposit Register |
|---|---|---|
| 340100202-Suppliers security Deposit | 79100 | 46700 |
| 340100102-Suppliers Earnest money Deposit | 81300 | 152200 |

6.MGNREGS- Payment does not match with AFS

7).Lapses in making timely and accurate demand entry in-respect of Taxes and Non Taxes revenue.

8.Depreciation not provided for Vehicles for office use

9.Non-Disclosure of Asset-

Depreciation is recorded for 16100104- Accumulated Depreciation- Waterways, 416100105- Accumulated Depreciation- Public Lighting . But the corresponding asset is not included in the balance sheet schedule B-11.
10.Grant liability amount shown as liability in Balance Sheet does not match with the Closing balance of Bank and cash.

DEPUTY DIRECTOR
DISTRICT AUDIT OFFICE, ALAPPUZHA
KERALA STATE AUDIT DEPARTMENT

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചെറുതന ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്